# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 12 | പേജ് 8


## മലങ്കരസഭയിൽ സ്ത്രീ പ്രാതിനിധ്യം പോരാട്ടത്തിനുള്ള പ്രകാശരേഖ

**അഡ്വ. ജെയ്സി കരിങ്ങാട്ടിൽ**

ഭരണനിർവഹണ സമിതികളിൽ മലങ്കര ഓർത്തഡോക്സ് സഭയിൽ, സ്ത്രീകൾക്ക് പ്രാതിനിധ്യം നല്കണമെന്ന് ആവശ്യമുയർന്നിട്ട് കാലമേറെയായി. 1990 ഫെബ്രുവരി 7 മുതൽ 10 വരെ തിരുവനന്തപുരത്ത് നടന്ന ഭാരതത്തിലെ ഓർത്തഡോക്സ് സഭകളിലെ വനിതാ പ്രതിനിധികളുടെ പ്രഥമ സമ്മേളനം സഭയിൽ സ്ത്രീ പ്രാതിനിധ്യത്തിന്റെ ആവശ്യകത അനിവാര്യമാണെന്ന് ഐകകണ്ഠ്യേന പ്രഖ്യാപിച്ച് വിളംബരം ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ അംഗത്വം വേണം. ഇടവകയിലെ എല്ലാ തലങ്ങളിലും വോട്ടവകാശം വേണം, തീരുമാനങ്ങൾ എടുക്കുന്ന ഭരണസമിതികളിലെല്ലാം പ്രാതിനിധ്യം വേണം. വേദശാസ്ത്രം പഠിക്കുവാൻ അവസരം തരണം. ശെമ്മാശിനി സ്ഥാനം പുനഃനിർണ്ണയിക്കണം, സ്ത്രീവിരുദ്ധ വേദപാഠങ്ങൾ പുനർവായിക്കപ്പെടണം. ഇങ്ങനെ നിരവധി കാര്യങ്ങൾ പ്രഖ്യാപനത്തിൽ ഉൾക്കൊള്ളുന്നുവെങ്കിലും തീരുമാനങ്ങൾ ഇന്നും വളരെ അകലെയാണ്.

മലങ്കരസഭയിൽ സ്ത്രീ പ്രാതിനിധ്യത്തിനുള്ള പ്രകാശരേഖയാണ് 2004 ഡിസംബർ 7-ന് കോട്ടയം പഴയസെമിനാരിയിൽ നടന്ന മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി ഉപസമിതിയുടെ പഠന റിപ്പോർട്ട്. മലങ്കരസഭയുടെ ആത്മീയ നവോത്ഥാനവും സമാധാനവും ഭരണഭദ്രതയും എന്ന വിഷയം കേന്ദ്രീകരിച്ച പഠനം മലങ്കര ഓർത്തഡോക്സ് സഭയിൽ 'സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷയും' പുതിയ വഴിത്തിരിവ് സൃഷ്ടിക്കുവാൻ പര്യാപ്തമായത്.

ആദ്ധ്യാത്മിക നവോത്ഥാനവും സഭയുടെ കെട്ടുപണിയും, സഭയുടെ ഭരണ സംവിധാനവും നയങ്ങളും നടത്തിപ്പും, വ്യവഹാരവും സഭയുടെ സമാധാനവും, ഭരണഘടനാ ഭേദഗതികൾ, നടപടിചട്ടങ്ങൾ, പുതിയ കാനോൻ പുസ്തകം, മാധ്യമ ജനസമ്പർക്ക വിഷയങ്ങൾ എന്നിവയെക്കുറിച്ച് അഞ്ചു ഗ്രൂപ്പുകളായി മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നടത്തിയ വിശദമായ ചർച്ചയിൽനിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളിലാണ് സഭയിൽ സ്ത്രീപങ്കാളിത്തവും പ്രാതിനിധ്യവും അനിവാര്യമാണെന്ന് പ്രഖ്യാപിക്കുന്നത്.

2005 ഫെബ്രുവരി 11-ന് പ്രസിദ്ധീകരിച്ച ഈ പഠന റിപ്പോർട്ടിൽ സഭയുടെ കൂട്ടാളിത്തശേഷി നിരന്തരം ശക്തീകരിക്കണമെന്ന് വ്യക്തമാക്കുന്നു.

ക്രിസ്തീയ സഭയുടെ വലിയ പ്രത്യേകതകളിലൊന്ന് അതിന്റെ സാമൂഹിക സ്വഭാവമാണ്. 'സഭ' എന്ന വാക്കു തന്നെ അത് സൂചിപ്പിക്കുന്നു. കൂട്ടായി ആരാധിക്കുകയും കൂട്ടായി പ്രവർത്തിക്കുകയും കൂട്ടായി നിലനിൽക്കുകയും ചെയ്യുന്ന സഭയുടെ കൂട്ടാളിത്തശേഷിയെ നിരന്തരം ശക്തീകരിച്ചെങ്കിൽ മാത്രമേ സഭയ്ക്ക് അതിന്റെ ശക്തമായ ദൗത്യം നിറവേറ്റാനാവുകയുള്ളു (പേജ് 4).

സഭയിൽ 'കൂട്ടാളിത്തശേഷി' ഫലപ്രദമാകണമെങ്കിൽ സ്ത്രീപുരുഷ പങ്കാളിത്തം അനിവാര്യമാണ്. സ്ത്രീപങ്കാളിത്തം ഭരണസമിതികളിൽ നിഷേധിക്കുന്ന സമീപനമാണ് സഭ പുലർത്തിയിട്ടുള്ളത്. മലങ്കര സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുപ്പിൽ സ്ത്രീകളെയും ഉൾപ്പെടുത്തി ഇടവകയോഗം പുനഃസംഘടിപ്പിക്കുന്നതിന് സുപ്രീംകോടതി 1995 ൽ നിർദ്ദേശിച്ചെങ്കിലും സഭ ഔദ്യോഗികമായി ആവശ്യപ്പെട്ടതിനാൽ സ്ത്രീപ്രാതിനിധ്യം ഒഴിവാക്കി വിധി പുറപ്പെടുവിച്ചു. സ്ത്രീ പുരുഷ പങ്കാളിത്തമുള്ള സൺഡേസ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം തുടങ്ങിയ ആദ്ധ്യാത്മികസംഘടനകളിൽ പോലും ഭരണസമിതികളിൽ സ്ത്രീപ്രാതിനിധ്യം നാമമാത്രമാണ്. ഈ പശ്ചാത്തലത്തിൽ സഭാ മാനേജിംഗ് കമ്മറ്റി സ്ത്രീ പങ്കാളിത്തത്തിന് നൽകിയ മാർഗ്ഗം ശ്രദ്ധേയമാകുന്നു.

'ആദ്ധ്യാത്മിക നവോത്ഥാനവും സഭയുടെ കെട്ടുപണിയും' എന്ന ഒന്നാം വിഭാഗത്തിൽ സ്ത്രീകൾക്ക് സഭാ മാനേജിംഗ് കമ്മറ്റിയിൽ പ്രാതിനിധ്യം നൽകണമെന്ന് നിർദ്ദേശിക്കുന്നു.

സഭയുടെ ആദ്ധ്യാത്മിക ജീവിതത്തിലും പരിശീലനത്തിലും സ്ത്രീകൾ വഹിക്കുന്ന നിർണ്ണായകമായ പങ്ക് കണക്കിലെടുത്ത് അവർക്ക് സഭയുടെ ഭരണസമിതികളിൽ പ്രാതിനിധ്യം നൽകണം (1:9 പേജ് 6). സഭയുടെ ആദ്ധ്യാത്മിക സംഘടനകളുടെ കേന്ദ്രജനറൽ സെക്രട്ടറിമാരേയും മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യണമെന്ന് പറയുമ്പോൾ, വനിതാ സമാജം എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട് (1:8 പേജ് 6).

ഈ റിപ്പോർട്ടിന്റെ നാലാം ഭാഗത്ത് ഭരണഘടനാ ഭേദഗതികൾ (Ammendment to the Constitution), നടപടിചട്ടങ്ങൾ (Codes of Procedure), പുതിയ കാനോൻ പുസ്തകം (book of Canon law) എന്ന ഭാഗത്ത് ഇടവകയോഗത്തിന്റെ പ്രായം 21-ൽ നിന്നും 18 ആയി കുറയ്ക്കണമെന്നും എല്ലാ സ്ത്രീകൾക്കും ഇടവകയോഗത്തിൽ പങ്കാളികളാകാൻ അവസ

*(ശേഷം 3-ാം പേജിൽ)*

## ഗീവർഗ്ഗീസ് പ്രഥമൻ ബാവായെയും മാത്യൂസ് പ്രഥമൻ ബാവായെയും പരിശുദ്ധന്മാരായി പ്രഖ്യാപിക്കണം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടാം കാതോലിക്കായായിരുന്ന പ. ബസേലിയോസ്സ് ഗീവർഗീസ് പ്രഥമൻ ബാവായെയും അഞ്ചാം കാതോലിക്കായായിരുന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായേയും അവരുടെ വിശുദ്ധ ജീവിതത്തെയും സഭയ്ക്കു നൽകിയ സമഗ്ര സംഭാവനകളെയും മുൻനിർത്തി പരിശുദ്ധന്മാരായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ ആരംഭിക്കണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആവശ്യപ്പെട്ടു.

പ. ഗീവർഗ്ഗീസ് പ്രഥമൻ ബാവായെ വിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ ആരംഭിക്കുന്നതാണെന്ന് പ. ദിദിമോസ് പ്രഥമൻ ബാവാ വള്ളിക്കാട്ട് ദയറാപ്പെരുനാളിൽ പങ്കെടുത്ത് സംസാരിക്കവെ അറിയിച്ചതിനെ അൽമായവേദി സ്വാഗതം ചെയ്തു.

പ. വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിൽ പ. മാത്യൂസ് ദ്വിതീയൻ ബാവായും പ. സുന്നഹദോസും കാണിച്ച ഉത്സാഹം പ്രശംസനീയമാണ്. അത്തരത്തിലൊരു ശ്രദ്ധേയമായ നടപടി ഇക്കാര്യത്തിലുമുണ്ടാകണമെന്ന് അൽമായവേദി ആവശ്യപ്പെട്ടു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായെ 'മലങ്കര സഭാരത്നം' എന്ന ബഹുമതി നല്കി ആദരിക്കണമെന്ന ബഹുജനാഭിപ്രായവും അൽമായവേദിയുടെ ആവശ്യവും ഇതുവരെ നടപ്പിലായി കാണാത്തതിൽ അൽമായവേദി ഉത്കണ്ഠ രേഖപ്പെടുത്തി.

## കോനാട്ടു കുടുംബത്തിൽ നിന്നു നാലാമത്

**അൽമായവേദി ന്യൂസ് സർവീസ്**

പാമ്പാക്കുട: ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും, നിലവിലുള്ള വൈദിക ട്രസ്റ്റി ഫാ. ഡോ. ഒ. തോമസും ഉറച്ചുനിൽക്കുന്നതിനാൽ വൈദികട്രസ്റ്റി സ്ഥാനത്തേക്കു മത്സരം ഉറപ്പായി.

ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് തെരഞ്ഞെടുക്കപ്പെടുന്നപക്ഷം അതൊരു സർവകാല റിക്കാർഡാവും. അദ്ദേഹത്തിന്റെ പിതാവ് കോനാട്ട് ഏബ്രഹാം മല്പാൻ, പിതാമഹൻ കോനാട്ട് മാത്തൻ മല്പാൻ, പ്രപിതൃവ്യൻ കോനാട്ട് കോര യൂഹാനോൻ മല്പാൻ എന്നിവർ മുമ്പ് വൈദികട്രസ്റ്റി സ്ഥാനം വഹിച്ചിട്ടുണ്ട്. ഇവർ മൂന്നു പേരും മലങ്കര മല്പാന്മാരുമായിരുന്നു.

സെമിനാരി അദ്ധ്യാപകരായ രണ്ടു പേർ മത്സരരംഗത്തു ഉറച്ചുനില്ക്കുന്നത് സെമിനാരിവൃത്തങ്ങളിൽ അസ്വസ്ഥത പടർത്തിയിട്ടുള്ളതായി അറിയുന്നു. കഴിഞ്ഞ തവണ ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതിൽ സെമിനാരിയിലെ സീനിയർ അദ്ധ്യാപകർ വിജയിച്ചെങ്കിലും ഇത്തവണ അതിനുള്ള സാദ്ധ്യതകൾ പരിമിതമാണെന്നാണ് അറിയുന്നത്.

## അങ്കമാലിയിലെ പള്ളികൾ ഇടുക്കിയ്ക്ക്

കോട്ടയം: അങ്കമാലി ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട ഇടുക്കി ജില്ലയിലുള്ള ആറു പള്ളികൾ ഇടുക്കി ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയുള്ള ഭദ്രാസന പുനർവിഭജന നിർദ്ദേശം ഇടുക്കി ഭദ്രാസന സെക്രട്ടറി തയാറാക്കി. വർക്കിംഗ് കമ്മറ്റിയിൽ സമർപ്പിക്കുന്ന ഈ റിപ്പോർട്ടിനെ അങ്കമാലിയിൽ നിന്നുള്ള അംഗങ്ങൾ എതിർക്കില്ല എന്നാണറിയുന്നത്.

## പ. ബാവായുടെ കല്പന പുത്തൻകുരിശു പത്രത്തിൽ

കോട്ടയം: അങ്കമാലി ഈസ്റ്റ്, വെസ്റ്റ് ഭദ്രാസനങ്ങളുടെ അസിസ്റ്റന്റു മെത്രാപ്പോലീത്താ സ്ഥാനത്തുനിന്ന് യഥാക്രമം ഔഗേൻ മാർ ദീവന്നാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നിവരെ നീക്കിയ പ. ബാവായുടെ കല്പന പുത്തൻകുരിശു സൊസൈറ്റിയുടെ പത്രത്തിൽ പ്രസിദ്ധീകരിച്ചു. അങ്കമാലി ഭദ്രാസനത്തെ സംബന്ധിച്ചുള്ള സുപ്രധാനരേഖകൾ ചോരുന്നതായും ചോർച്ചയുടെ ഉറവിടം അന്വേഷിക്കണമെന്നും അൽമായവേദി നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു.

## ആരാധനാ സമയം: കല്പന ലംഘിച്ചു

**അൽമായവേദി ന്യൂസ് സർവീസ്**

അങ്കമാലി: ക്രിസ്തുമസ്, പെസഹാ, ഈസ്റ്റർ ശുശ്രൂഷകൾ തലേന്നു വൈകുന്നേരം നടത്തുന്നതു കർശനമായി നിരോധിച്ചുകൊണ്ടുള്ള പ. ബാവാതിരുമനസ്സിലെ കല്പന അങ്കമാലി ഭദ്രാസനത്തിലെ രണ്ടു വൈദികർ ലംഘിച്ച് ക്രിസ്തുമസ് ശുശ്രൂഷകൾ വൈകുന്നേരം നടത്തി. അങ്കമാലി ഭദ്രാസനത്തിലെ ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ, ഫാ. ഡോ. എം. ഒ. ജോൺ എന്നിവരാണ് പരസ്യമായി കല്പന ലംഘനം നടത്തിയത്.

കോട്ടയം ഭദ്രാസനത്തിലാണ് ഏതാനും വർഷം മുമ്പ് ആരാധനാസമയം പുനഃക്രമീകരിച്ച് വൈകുന്നേരമാക്കിയത്. കാനോനികമായി സാധുതയില്ലാത്ത ഈ തീരുമാനം സുന്നഹദോസ് നിശ്ചയപ്രകാരം കഴിഞ്ഞ വർഷം മുതൽ പഴയരീതിയിലാക്കിയിരുന്നു. കോട്ടയം ഭദ്രാസനത്തിലെ മുഴുവൻ പള്ളികളിലും കല്പനപ്രകാരം പുലർച്ചെയാണ് ഈ വർഷം ക്രിസ്തുമസ് ശുശ്രൂഷകൾ നടത്തിയത്.

എന്നാൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ഫാ. എം. ഒ. ജോണും ഏലൂർ പള്ളിയിൽ ജേക്കബ് മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പായും പതിവിനു വിപരീതമായി തലേന്നു സന്ധ്യയ്ക്കു ക്രിസ്തുമസ് ശുശ്രൂഷകൾ നടത്തി. ഇത് പ. ബാവായോടുള്ള വെല്ലുവിളിയാണെന്ന് അങ്കമാലി ഭദ്രാസനാംഗങ്ങൾ ചൂണ്ടിക്കാട്ടി.

കോട്ടയം ഭദ്രാസനത്തിൽ സമയമാറ്റം നടത്തിയപ്പോൾ അതിനെതിരെ ശക്തമായി പ്രതികരിച്ച ഫാ. ഡോ. എം. ഒ. ജോണിന്റെ മലക്കംമറിച്ചിൽ രസാവഹമായി. ഇവർക്കെതിരെ നടപടിയെടുക്കണമെന്ന് പ. ബാവായ്ക്ക് പരാതി നൽകിയിട്ടുള്ളതായി അറിയുന്നു.

## വൈദിക പുനർവിവാഹം: അവ്യക്തത നീങ്ങിയില്ല

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: വൈദികർക്ക് പുനർവിവാഹം അനുവദിച്ചതായി കഴിഞ്ഞ എപ്പിസ്കോപ്പൽ സുന്നഹദോസിന്റേതായി വന്ന പത്രക്കുറിപ്പിനെപ്പറ്റിയുള്ള അവ്യക്തത ഇനിയും നീങ്ങിയില്ല. ഏറെ വിവാദമുണ്ടാക്കുന്നതും ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ ഇത്തരം ഒരു തീരുമാനം എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചിട്ടില്ലെന്ന് സീനിയർ മെത്രാപ്പോലീത്താമാരിൽ പലരും വ്യക്തമാക്കി. പക്ഷേ ഔദ്യോഗികമായ ഒരു വിശദീകരണം നൽകാൻ ഇതുവരെ സഭാകേന്ദ്രം തയ്യാറായിട്ടില്ല.

അച്ചടക്ക ലംഘനത്തിനും ഇതര ഓർത്തഡോക്സ് സഭകൾക്കിടയിൽ മാനഹാനിക്കും ഇടയാക്കുന്ന ഈ പ്രസ്താവന പുനർവിചിന്തനത്തിനു വിധേയമാക്കണമെന്ന് അൽമായവേദി ആവശ്യപ്പെട്ടു.

## അൽമായ ട്രസ്റ്റി കോട്ടയം കടക്കില്ല

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: അൽമായട്രസ്റ്റി സ്ഥാനത്തേക്കുള്ള മത്സരത്തിൽ നിന്നു മുത്തൂറ്റ് റോയി പിന്മാറിയതോടെ ഡോ. ജോർജ് വർഗീസ്, എം. ജി. ജോർജ് മുത്തൂറ്റ് എന്നിവർ മാത്രം അവശേഷിച്ചു. ഇതോടെ മുൻപതിവുപോലെ അൽമായട്രസ്റ്റി കോട്ടയം കടക്കില്ലെന്ന് ഉറപ്പായി.

ഒന്നേകാൽ നൂറ്റാണ്ടിലധികം നീളുന്ന കൂട്ടുട്രസ്റ്റിമാരുടെ ചരിത്രത്തിൽ ഒരൊറ്റത്തവണ മാത്രമാണ് കോട്ടയത്തിനു വടക്കുനിന്ന് അൽമായട്രസ്റ്റി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. 1911 -ൽ തെരഞ്ഞെടുക്കപ്പെട്ട ചിറക്കടവിൽ കോരുള കൊച്ചുകോരുള മാത്രമാണ് കോട്ടയത്തിനു വടക്കുനിന്നു തെരഞ്ഞെടുക്കപ്പെട്ട ഏക അൽമായട്രസ്റ്റി. കുന്നുംപുറത്ത് കോര ഉലഹന്നാൻ, സി. ജെ. കുര്യൻ, എറികാട്ട് ഇ. ജെ. ജോസഫ്, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം, പടിഞ്ഞാറെക്കര പി. സി. ഏബ്രഹാം എന്നിവർ കോട്ടയം സ്വദേശികളായിരുന്നു.

ഇപ്പോഴത്തെ മത്സരാർത്ഥികളായ രണ്ടു പേരും ഡൽഹി ആസ്ഥാനമാക്കിയാണു പ്രവർത്തിക്കുന്നതെങ്കിലും ഡോ. ജോർജ് വർഗീസ് തുമ്പമൺ സ്വദേശിയും എം. ജി. ജോർജ് കോഴഞ്ചേരി സ്വദേശിയുമാണ്. ഡോ. ജോർജ് വർഗീസ് പ്രമുഖ പത്രപ്രവർത്തകനും സാംസ്കാരിക നായകനുമാണ്. എം. ജി. ജോർജ് അറിയപ്പെടുന്ന സ്വകാര്യ ബാങ്കുടമയും.

# സഭാ വിഭാഗങ്ങൾ ഒന്നിക്കണം

**ജോർജ് സഖറിയാ തെക്കേപ്പുരയ്ക്കൽ**
(മലങ്കര ഓർത്തഡോക്സ് സഭാ അസോസിയേഷൻ അംഗം)

സ്തുതിചൊവ്വാകപ്പെട്ട വി. സഭയിൽ ശാശ്വതമായ സമാധാനം കൈവരുത്തുന്നതിനുള്ള സുവർണ്ണാവസരങ്ങൾ സുപ്രധാന കോടതി വിധികളിലൂടെ പലപ്പോഴായി സംജാതമായിട്ടുണ്ട്. ചരിത്രപ്രധാനമായ ആ വിധികൾ ദൈവദത്തമെന്ന് വിശേഷിപ്പിക്കപ്പെടുകയും വിശ്വസിക്കുകയും ചെയ്ത വലിയ ഒരു കൂട്ടം വിശ്വാസികൾ അന്നും ഇന്നും സഭയിലുണ്ട്. എന്നാൽ രണ്ടു സഹോദരങ്ങളെപ്പോലെ പിണങ്ങിക്കഴിയുന്ന ഇന്ത്യയിലെ കാതോലിക്കാ - യാക്കോബായകക്ഷികൾ ഇന്ന് വിഘടിച്ച് തമ്മിലടിച്ച് തെരുവുയുദ്ധങ്ങൾക്ക് സാക്ഷികളായിക്കൊണ്ടിരിക്കുകയാണ്. യേശുക്രിസ്തുവിനു ശേഷം ഒരു വിഭാഗം മാത്രമായിരുന്ന ക്രിസ്ത്യാനികൾ കാലക്രമേണ അധികാരത്തിനും സ്വത്തിനും സ്ഥാനമാനങ്ങൾക്കും സ്വാർത്ഥതാല്പര്യത്തിനും വേണ്ടി വേർപിരിഞ്ഞു. ഇതിൽ വിശ്വാസത്തിന്റെ പേരിൽ വേർപിരിഞ്ഞവർ വളരെക്കുറവുമാണ്.

ഐക്യം മലങ്കരസഭയുടെ ആവശ്യമാണ്. സഭാംഗങ്ങളുടെ അടിയുറച്ച ദൈവവിശ്വാസമാണ് സഭയുടെ സ്വത്ത്. സഭയുടെ അടിത്തറ സ്നേഹത്തിൽ അധിഷ്ഠിതമാണ്. ദൈവം സ്നേഹമാണ്. സ്നഹത്തിൽ നിറഞ്ഞ് അന്യോന്യം സഹോദരങ്ങളെപ്പോലെ വർത്തിക്കണമെന്ന് ഓർമ്മയുള്ളനാൾ മുതൽ പിതാക്കന്മാരും വൈദികരും സൺഡേസ്കൂൾ പഠനവും അതിലുപരി വി. ബൈബിളും നമ്മെ പഠിപ്പിക്കുന്നു. എന്നാൽ സ്ഥാനമോഹികളും സ്വാർത്ഥമതികളും നിക്ഷിപ്ത താല്പര്യക്കാരും ഇവയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഭദ്രാസന ആസ്ഥാനങ്ങളിൽ ആർഭാടമന്ദിരങ്ങൾ പണിയുകയും യാത്രകൾക്കായി വില കൂടിയ കാറുകൾ മാറി മാറി ഉപയോഗിക്കുകയും, ഇടയ്ക്കിടെ വിദേശയാത്രകൾ നടത്തി സഭാമക്കളെ ഞെക്കിപിഴിഞ്ഞ് ലഭിക്കുന്ന പണം യാതൊരു രേഖയുമില്ലാതെ സ്വന്തം കീശയിലാക്കി നല്ല 'അടിപൊളി' ജീവിതം നയിക്കുന്നവർ സഭയെ പരസ്പരം പോരാട്ടം നടത്തുന്നതിനുള്ള മാരകായുധമാക്കി മാറ്റിയിരിക്കയാണ്. വിശ്വാസികളെ ആത്മീയ ചൈതന്യത്തിലേയ്ക്ക് ഉയർത്താനുള്ള ദേവാലയങ്ങളും സഭാനേതൃത്വവും പോരാട്ടങ്ങളുടേയും പോർ വിളികളുടെയും വേദികളായി മാറിക്കൊണ്ടിരിക്കുന്നു.

വിശ്വാസത്തിലും ആരാധനയിലും പാരമ്പര്യത്തിലുമെല്ലാം ഏകത്വം പ്രകടിപ്പിക്കുന്ന സഭാംഗങ്ങൾ കക്ഷി തിരിഞ്ഞ് പരസ്പരം കലഹിക്കുന്നത് സഭയെ സംബന്ധിച്ചിടത്തോളം തികഞ്ഞ വൈരുദ്ധ്യമാണ്. സഭകളുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ മാതൃകയാകേണ്ട ആത്മീയ പിതാക്കന്മാർ ചെങ്കോലിനും കിരീടത്തിനും വേണ്ടി സകല അടവുകളും അഭ്യസിച്ച്, വാളും പരിചയും എടുത്ത് രാഷ്ട്രീയത്തേക്കാൾ തരം താണ ശൈലിയിൽ പടക്കളത്തിൽ ഇറങ്ങിപ്പോരാടുകയാണ്. സുപ്രീംകോടതി വിധികളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ ഇരു സഭാനേതൃത്വവും തയ്യാറാകുമെന്ന് വിശ്വാസികൾ പലപ്പോഴായി ആഗ്രഹിച്ചിരുന്നു. എന്നാൽ കോടതി വിധികളിൽ സഭാനേതൃത്വം ഒന്നായിതീരുമെന്ന് ഇനിയും ഒരു പ്രതീക്ഷയുമില്ല. ദൈവത്തിൽ ശരണപ്പെട്ടു സഭയെ നയിക്കേണ്ട പിതാക്കന്മാരും നേതൃത്വവും കോടതികളിലും ജഡ്ജിമാരിലും ശരണപ്പെട്ടുകൊണ്ട് നാളുകൾ തള്ളിനീക്കുകയാണ്. ഈ ശോചനീയാവസ്ഥയ്ക്കു എന്നൊരു പരിഹാരം കണ്ടെത്തുവാൻ സാധിക്കുമെന്ന് സഭാനേതൃത്വത്തിന് ഒരു ഉറപ്പും നല്കുവാൻ കഴിയാത്ത സ്ഥിതിവിശേഷവുമാണ് മലങ്കരസഭയിൽ ഇപ്പോൾ സംജാതമായിരിക്കുന്നത്. ഈ പോക്ക് 'നാം മുന്നോട്ടോ' പിന്നോട്ടോയെന്ന് സഭാമക്കൾക്ക് തീരുമാനിക്കാവുന്നതേയുള്ളൂ.

ഇന്ന് മലങ്കരസഭയിലെ പല പള്ളികളിലും പോലീസിന്റെയും മറ്റ് മേലധികാരികളുടെയും സാന്നിദ്ധ്യത്തിലാണ് വി. കുർബാനയും മറ്റ് കൂദാശകളും നടത്തുന്നത്. സമാധാനം മാത്രം ആഗ്രഹിക്കുന്ന ക്രിസ്തുവിന്റെ ആലയങ്ങളിൽ ഇന്ന് സമാധാനത്തോടെയോ സ്വാതന്ത്ര്യത്തോടെയോ കടന്നുചെല്ലുവാൻ സാധിക്കാത്ത അന്തരീക്ഷമാണുള്ളത്. മറ്റ് ചില പള്ളികൾ കോടതി ഉത്തരവിൻപ്രകാരം അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നു. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും ശാന്തിയുടേയും മകുടോദാഹരണമായ മൂർത്തിഭാവമായ ദൈവം വിദ്വേഷവും വൈരാഗ്യവും ശത്രുതയും വാണരുളുന്ന ദേവാലയങ്ങളിൽ എങ്ങനെ വസിക്കുമെന്ന് ഒരു നിമിഷം വിശ്വാസികൾ ചിന്തിക്കണം. എല്ലാ സഭാവിശ്വാസികളും സഭാസ്നേഹികളും ചിന്തിക്കേണ്ട വിഷയമാണിത്.

രണ്ടു വിഭാഗത്തിലേയും മെത്രാപ്പോലീത്താമാർ മനഃശുദ്ധിയോടെ വി. കുർബാന അർപ്പിച്ചശേഷം അര മണിക്കൂർ മേശയ്ക്കു ചുറ്റുമിരുന്ന് വിട്ടുവീഴ്ചാ മനോഭാവത്തോടെ മനസ്സുതുറക്കാൻ ചില 'കുറുക്കന്മാർ' തടസ്സമായി നിൽക്കുന്നു എന്ന കാര്യം വിസ്മരിക്കാവുന്നതല്ല. സമാധാനത്തിനുവേണ്ടി പിതാക്കന്മാർ എടുക്കുന്ന തീരുമാനങ്ങൾ എന്തു തന്നെയായിരുന്നാലും സഭാമക്കൾ സന്തോഷത്തോടെ സ്വീകരിക്കുമെന്നതിൽ തർക്കമില്ല. കാരണം സഭാമക്കൾക്ക് സമാധാനമാണ് - ഒരുമയാണ് ഇന്ന് ആവശ്യം. ഈ സമാധാനത്തിന്റെ - ഒരുമയുടെ - യോജിപ്പിന്റെ വിജയമെന്നോണം സഹോദരങ്ങൾ ഒന്നുചേർന്ന് ദിവ്യബലി അർപ്പിക്കുന്ന നല്ല നാളേയ്ക്കുവേണ്ടി സഭയിലെ 95% വിശ്വാസികളും പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ഈയൊരു സാക്ഷ്യമാണ് ഇന്നത്തെ സഭാമക്കൾക്ക് ആവശ്യം. ഇതാണ് ക്രിസ്തീയ ദൗത്യം.

നൂറ്റാണ്ടുകളായി നിലനില്ക്കുന്ന ഈ കലഹം മൂലം സഭകളുടെ ആദ്ധ്യാത്മീക - ബൗദ്ധിക - സാമ്പത്തിക - ജീവകാരുണ്യ മേഖലകൾ ഇന്ന് മുരടിച്ചിരിക്കയാണ്. സഭകളുടെ വിഭവശേഷിയുടെ വലിയ പങ്ക് വ്യവഹാരത്തിനായി നീക്കിവച്ചിരിക്കുകയാണ്. സഭകളുടെ ദൗത്യനിർവ്വഹണത്തിനും സാമൂഹിക വികസനത്തിനും പൊതുക്ഷേമത്തിനുമായി ഒന്നും തന്നെ കൂട്ടായി ചെയ്യുവാൻ സാധിക്കാതെ കരുത്തും ശേഷിയും നശിപ്പിച്ചുകൊണ്ടിരിക്കയാണ്. ആദ്ധ്യാത്മികതയും മതജീവിതവും ഇന്ന് വെറും ആചാരാനുഷ്ഠാനങ്ങളായി പരിമിതപ്പെട്ടിരിക്കയാണ്. ഏറ്റവും കൂടുതൽ കേസുള്ള സഭകൾ എന്ന പേരിൽ ഒരുപക്ഷേ ഗിന്നസ് ബുക്കിൽ സ്ഥാനം പിടിച്ചേക്കാവുന്ന നാം, ഒന്നാണെന്ന് മനസ്സിലാക്കി ഒന്നിച്ചുനിന്നാൽ പല മേഖലകളിലും വൻശക്തിയാകാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അടയ്ക്കായാണോ കമുകാണോ മൂത്തത് എന്നറിയാൻ കഴിഞ്ഞ തൊണ്ണൂറിലധികം വർഷമായി കോടതികളിൽ കേസിനുവേണ്ടി അനേക കോടി രൂപാ ചെലവഴിച്ചിട്ടും ഇതിനൊരു പരിഹാരം കണ്ടെത്തുവാൻ സാധിക്കുമോ എന്നുള്ളത് ഇന്നുമൊരു ചോദ്യമായി അവശേഷിക്കുകയാണ്.

കൂടാതെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി സമാധാനം ആഗ്രഹിക്കാത്ത ഒരു പറ്റം കുറുക്കന്മാർ സഭയിൽ ഭിന്നതയുണ്ടാക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. ഈ കൂട്ടരെക്കുറിച്ച് യേശുക്രിസ്തു പറയുന്നത്, "അവർക്ക് അയ്യോ കഷ്ടം" എന്നാണ്. അവർക്ക് നല്കേണ്ട ശിക്ഷയും കൽപ്പിക്കുന്നുണ്ട്; ഒരു വലിയ തിരിക്കല്ല് കഴുത്തിൽ കെട്ടി സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുകയെന്ന്. ഭിന്നതയുണ്ടാക്കുന്നവർ ആരു തന്നെയായാലും ഈ തിരിക്കല്ലിന് അർഹരാണെന്ന് ഇനിയെങ്കിലും ഓർമ്മിക്കുന്നത് നല്ലതാണ്.

ശലോമോൻ രചിച്ച ഉത്തമഗീതത്തിൽ തോഴിമാർ പറയുന്നത്, "മുന്തിരിത്തോട്ടം നശിപ്പിക്കുന്ന ചെറുകുറുക്കന്മാരെ പിടികൂടുക' യെന്നാണ്. അധികം താമസിയാതെ മുന്തിരിത്തോട്ടമാകുന്ന സഭയെ നശിപ്പിക്കുന്ന കുറുക്കന്മാരെ സഭാമക്കൾ പിടികൂടുക തന്നെ ചെയ്യുമെന്നുള്ളതിൽ സംശയമില്ല. മാത്രവുമല്ല ഏത് സർക്കാർ ഭരണമേറ്റെടുത്താലും സഭയുടെ തർക്കത്തിന് ഒരു പരിഹാരം നിർദ്ദേശിക്കാനോ ഇരുകൂട്ടരെയും അനുരഞ്ജനത്തിലെത്തിക്കാനോ ശ്രമിക്കുകയില്ലെന്ന് വിശ്വാസികൾക്ക് ഏറെക്കുറെ ബോദ്ധ്യവുമായിരിക്കയാണ്. ഇത് സംബന്ധിച്ചുള്ള സർക്കാർ നിലപാടുകൾ കാലാകാലങ്ങളിൽ ഏകദേശം വ്യക്തമാകുകയും ചെയ്തിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ, ഇനിയും പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ദൈവത്തിന്റെ പ്രതിപുരുഷൻ തയ്യാറാകുന്നില്ലെങ്കിൽ എല്ലാം കണ്ടും കേട്ടും മടുത്ത സഭാവിശ്വാസികൾക്ക് മഹാത്മാഗാന്ധിയുടെ നിസ്സഹകരണപ്രസ്ഥാനം പോലെ ചില കടുത്ത മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരും. സമാധാനകാംക്ഷികളായ ഒരു പറ്റം സഭാമക്കൾ സംഘടിക്കേണ്ടത് ഇന്നത്തെ സമൂഹത്തിന്റെ ആവശ്യമായി മാറിയിരിക്കയാണ്. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പോലെയുള്ള പ്രസ്ഥാനങ്ങൾ നടപ്പാക്കുന്ന ചില പദ്ധതികളും നിർദ്ദേശങ്ങളും സഭാമക്കൾക്ക് പ്രചോദനം നല്കുന്നുണ്ട് എന്നുള്ളതിൽ തർക്കമില്ല. ഇത്തരത്തിൽ സംഘടിക്കുന്നതിന് ജനങ്ങൾ തീരുമാനിച്ചാൽ ദൈവം തീർച്ചയായും ഇവരോടൊപ്പം ആയിരിക്കുമെന്നുള്ള കാര്യം ഉറപ്പാണ്. വി. കുർബാനയിലെ രണ്ടാം തുബ്ദേനിൽ നാം ചൊല്ലുന്നത് "ദൈവത്താൽ പാലിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ മക്കളാകുന്ന വിശ്വാസികളായ എല്ലാവർക്കും അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായി നമുക്ക് കർത്താവിനോട് പ്രാർത്ഥിക്കാം" എന്നാണ്. വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും ഉള്ള സഭാമക്കൾ ഇക്കാര്യത്തിൽ ശക്തമായി പ്രതികരിക്കണമെന്നും സഭാനേതൃത്വത്തിന് മുന്നറിയിപ്പ് നൽകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

# യൗസേഫിനെ അറിയാത്ത (കുട്ടി) ഫറവോൻമാർ

**ക്യാപ്റ്റൻ കോശി മത്തായി**

ഒരിക്കൽ ഈജിപ്തിനെ കൊടിയ ക്ഷാമത്തിൽ നിന്നും അതുവഴി സമ്പൂർണ്ണ നാശത്തിൽ നിന്നും രക്ഷിച്ച വ്യക്തിയാണ് ഗോത്രപിതാവായ യൗസേഫ്. അന്നത്തെ ഫറവോൻ യൗസേഫിനെ ആദരിച്ചു മന്ത്രിയാക്കി ബഹുമതികളും നൽകി.

മലങ്കരസഭയും മുമ്പ് ചെയ്തത് അതാണ്. വടക്കൻ ഭദ്രാസനങ്ങളിൽ ഒരിക്കൽ പാത്രിയർക്കീസു പക്ഷത്തു നിന്നിരുന്നവർ മടങ്ങി വന്നപ്പോൾ അവരെ രണ്ടും കൈയ്യും നീട്ടി സ്വീകരിച്ചു. സ്ഥാനമാനങ്ങൾ അർഹരായവർക്കു നൽകി. ഔഗേൻ ബാവായെ കാതോലിക്കായാക്കി. കണിയാമ്പറമ്പിലച്ചനെയും സി. വി. ജോർജ് കോർഎപ്പിസ്ക്കോപ്പായേയും സണ്ടേസ്കൂൾ ഡയറക്ടർ ജനറൽമാരാക്കി. ഫാ. ഡോ. വി. സി. സാമുവേലിന് എത്ര ഉന്നത സ്ഥാനമാണ് നൽകിയത്. കോനാട്ട് ഏബ്രഹാം മൽപ്പാനെ മലങ്കരമൽപ്പാനും വൈദികട്രസ്റ്റിയുമാക്കി. കോരുതുമല്പാനെ സെമിനാരി അദ്ധ്യാപകനും മലങ്കര മല്പാനുമാക്കി. അൽമായക്കാർക്കും അർഹമായ സ്ഥാനങ്ങൾ നൽകി.

1970 കളിൽ സഭ വീണ്ടും പിളർന്നപ്പോൾ ഏറ്റവും കഷ്ടമനുഭവിച്ചത് വടക്കരാണ്. അവരെ സഹായിക്കാൻ അന്നത്തെ സഭാതലവൻ പ. വട്ടക്കുന്നേൽ ബാവാ ഓടിയെത്തി. സ്വന്തം കൈമുത്തു പണം നൽകി കാതോലിക്കേറ്റ് സെന്ററുകൾ പണിതുയർത്തി ആരാധന സൗകര്യം നൽകി. കേസു നടത്തുന്നതിന് പണം നൽകി പ്രോത്സാഹിപ്പിച്ചു. ഇതേ പാതയാണ് പ. മാത്യൂസ് ദ്വിതീയൻ ബാവായും പ. ദിദിമോസ് പ്രഥമൻ ബാവായും പിൻതുടരുന്നത്.

എന്നാൽ ഇന്ന് ജോസഫിനെ അറിയാത്ത ഫറവോന്മാരാണ് സഭാകേന്ദ്രത്തിൽ കൂടുതലും. 95-ലെ വിധിക്കു ശേഷം മാതൃസഭയിലേക്കു മടങ്ങിവന്ന മെത്രാന്മാരെ പ. ബാവാ രണ്ടുകൈയും നീട്ടി സ്വീകരിച്ചു. പക്ഷേ, കുട്ടി ഫറവോൻമാർ അവരെ നിരന്തരം വേട്ടയാടി. കള്ളന്മാരെന്നും വഞ്ചകരെന്നും വിളിച്ചു; ഇന്നും വിളിക്കുന്നു. അവരെ അപമാനിക്കുന്നതിൽ മെത്രാന്മാരും വൈദികട്രസ്റ്റിയും പെടുമെന്നതാണ് ഏറ്റവും ദയനീയം.

അതിലും ദയനീയമാണ് വടക്കത്തെ പീഡിത വൈദികരുടെയും ജനങ്ങളുടെയും സ്ഥിതി. മുപ്പതിലധികം വർഷങ്ങളായി പീഡനമനുഭവിച്ചും മർദ്ദനമേറ്റും സ്വന്തം പള്ളികളിൽ കയറാനാവാതെയും വാഗ്ദത്ത ഭൂമി സ്വപ്നം കണ്ട് കഴിയുന്ന ആ സഹോദരന്മാരെ നിഷ്ക്കരുണം പുത്തൻകുരിശു സൊസൈറ്റിക്ക് തീറെഴുതാനാണ് കുട്ടി ഫറവോൻമാരുടെ ശ്രമം. ഓനാൻകുഞ്ഞ്, മലങ്കര വർഗീസ് ഇവരുടെയൊക്കെ രക്തത്തിന് യാതൊരു വിലയും ഇവർ കല്പിക്കുന്നില്ല. അഞ്ചാറുപള്ളിയും ഒരു മസനപ്സായും ചുവന്ന കുപ്പായവും പാസ്പ്പോർട്ടുമുണ്ടെങ്കിൽ നമ്മുടെ കാര്യം കുശാൽ എന്നു ചിന്തിക്കുന്നവർക്ക് പീഡിത സഹോദരന്മാരുടെ വേദന അറിയില്ല.

വടക്കർക്ക് സഭാഗാത്രത്തിലുള്ള അവകാശം കൂടി ഇല്ലാതാക്കാൻ ഉള്ള ശ്രമ മാണ് ഇപ്പോൾ നടക്കുന്നത്. അവർക്ക് അസോസിയേഷനിലുള്ള വോട്ടവകാശം കൂടി ഇല്ലാതാക്കാനാണ് പ്ലാൻ. അതോടെ അവർ സഭയ്ക്കു പുറത്താവും. അപ്രകാരം ഒരു സത്യവാങ്മൂലവും കൂടി കോടതിയിൽ കൊടുത്താൽ പിന്നെ യാതൊരു പ്രശ്നവുമില്ല. വടക്കർ മുഴുവൻ പുത്തൻകുരിശു സൊസൈറ്റിയിൽ തന്നെ പോയി ചേർന്നു കൊള്ളും, അവർക്ക് മറ്റു മാർഗ്ഗമൊന്നുമില്ലല്ലോ

പട്ടക്കാരായ സഹോദരന്മാരെ തള്ളി പറയുന്നവരോട് പ്രതികാരപ്രേമിയായ യഹോവ പൊറുക്കില്ല. ഹാബേലിനെ കൊന്ന സ്വസഹോദരൻ കായീനോട് ചോദിച്ചതുപോലെ നിന്റെ സഹോദരന്റെ രക്തം ഭൂമിയിൽ നിന്ന് എന്നോട് നിലവിളിക്കുന്നു എന്ന് യഹോവ അവരോട് ചോദിക്കും. ആ ചോദ്യം നേരിടാൻ നമ്മൾ തയാറാണെങ്കിൽ നമുക്ക് വടക്കരെ ഉപേക്ഷിക്കാം മറിച്ചാണെങ്കിൽ നമ്മുടെ പിതാക്കന്മാരുടെ പാത നമുക്ക് പിന്തുർന്ന് അവരെ സഹായിക്കാം. ❑

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർ ത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക.**

**4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**


## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 93874 27940
സാബു വടകര (വൈസ് പ്രസിഡന്റ്) ഫോൺ: 94474 56969
ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 93876 10283
തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 93494 37714

അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:

**AKHILA MALANKARA ORTHODOX ALMAYA VEDHI**
(Reg. No. K - 713/2005) Post Box No. 652, Kottayam 686 001
ഫോൺ: 93497 54448
E-mail: orthodoxalmayavedhi@yahoo.co.in
Web: www.malankaraorthodoxalmayavedhi.org
To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to:
http://in.groups.yahoo.com/group/MORM/

# മലങ്കര മെത്രാന്റെ സുന്നഹദോസ് – 2

എം. കുര്യൻ തോമസ്

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

1930 മുതൽ മൂന്നു വർഷക്കാലം തുറന്ന പോരാട്ടമാണ് ഇരുകൂട്ടരും നടത്തിയത്. വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നിവ പൂർണ്ണമായും എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു വിട്ടുകൊടുക്കുവാനും പൊതുവിലുള്ള മേൽനോട്ടാധികാരം അവർക്കു വകവെച്ചുകൊടുക്കുവാനും ജനാധിപത്യവാദികൾ തയാറായിരുന്നു. എന്നാൽ മെത്രാധിപത്യവാദികൾ ഇതുകൊണ്ടുമാത്രം തൃപ്തരായില്ല. പൂർണ്ണ അധികാരമായിരുന്നു അവർക്കു വേണ്ടിയിരുന്നത്.

ഈ പോരാട്ടം മാധ്യമങ്ങളിലേക്കും നീണ്ടു. മെത്രാധിപത്യവാദികൾ ഔദ്യോഗിക മാധ്യമങ്ങൾ ഉപയോഗിച്ച് തങ്ങളുടെ ഭാഗം ന്യായീകരിക്കുവാൻ ശ്രമിച്ചപ്പോൾ 1920–കളിൽ പ്രസിദ്ധീകരണം നിലച്ചുപോയ *സുറിയാനി സഭ* എന്ന മാസിക പുനർജീവിപ്പിച്ച് ജനാധിപത്യവാദികൾ തിരിച്ചടിച്ചു. ഈ വാദപ്രതിവാദങ്ങൾ ഇന്നും കാലിക പ്രസക്തിയോടെ നിലനിൽക്കുന്നു എന്നതിനാൽ സവിശേഷപഠനം അർഹിക്കുന്നവയാണ്.

ഇതിനിടയിൽ മെത്രാധിപത്യവാദികൾ തയാറാക്കിയ ഭരണഘടന മറ്റ് അംഗങ്ങളുടെമേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു എന്ന ആരോപണം ജനാധിപത്യവാദികൾ ഉന്നയിക്കുകയും ഭരണഘടനാ നിർമ്മാണ കമ്മറ്റിയിൽ നിന്നും രാജി വയ്ക്കുകയും ചെയ്തു. തങ്ങൾ മുമ്പോട്ടു വച്ച ഭരണഘടനയുടെ നക്കൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടാണ് ഇവർ പിന്മാറിയത്.

ജനാധിപത്യ-മെത്രാധിപത്യ വാദികളുടെ ആശയഗതികളുടെ ഒരു സമവായം എന്ന നിലയിലാണ് 1934–ൽ പാസാക്കിയ ഭരണഘടന രൂപപ്പെടുത്തിയത്. ഈ ഭരണഘടനപ്രകാരം മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷൻ കാതോലിക്കാ ആയിരിക്കുമെങ്കിലും മലങ്കര മെത്രാപ്പോലീത്താസ്ഥാനം നിലനിർത്തി. എന്നാൽ ഭരണ സംഘർഷം ഒഴിവാക്കാൻ ഈ രണ്ടു സ്ഥാനങ്ങളും ഒരാൾതന്നെ വഹിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. വിശ്വാസം, പട്ടത്വം, ശിക്ഷണം ഈ അധികാരങ്ങൾ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മാത്രം അധികാരപരിധിയിലാണെന്നും വ്യക്തമാക്കി. മാനേജിംഗ് കമ്മറ്റിയുടെയും അസോസിയേഷന്റെയും തീരുമാനങ്ങളുടെ മേൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് മേൽനോട്ടാധികാരമുണ്ടെന്നും 1934–ലെ ഭരണഘടനയിൽ നിന്നു വ്യക്തമാകുന്നുണ്ട്.

1934–ലെ ഭരണഘടന മെത്രാധിപത്യവാദികൾക്ക് മുൻതൂക്കം ലഭിച്ച ഒന്നായിട്ടാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. എന്നാൽ ഈ ധാരണ പുനർവിചിന്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. 1934–ലെ ഭരണഘടനയുടെ താഴെപറയുന്ന ഘടകങ്ങൾ പ്രത്യേകം പരിഗണാർഹങ്ങളാണ്.

1. മലങ്കര മെത്രാൻ സ്ഥാനം നിലനിർത്തി.

2. മലങ്കര മെത്രാന്റെയും ഇടവകമെത്രാപ്പോലീത്താമാരുടെയും തിരഞ്ഞെടുപ്പ് അസോസിയേഷൻ തന്നെ കൈവശം വച്ചു.

3. ഇടവക മെത്രാന്മാർക്ക് ഭദ്രാസനം തിരിച്ചുകൊടുക്കാനുള്ള അവകാശം മാനേജിംഗ് കമ്മറ്റി നിലനിർത്തി.

4. കാതോലിക്കായെ തിരഞ്ഞെടുക്കാനുള്ള അവകാശം അസോസിയേഷനിൽ നിക്ഷിപ്തമായി.

5. കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അധികാരപരിധികൾ വ്യക്തമായി നിർവചിച്ചു.

6. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നിവയിൽ മേലധികാരം ലഭിച്ചുവെങ്കിലും *വിശ്വാസം ഭേദപ്പെടുത്താൻ പാടില്ല* എന്ന നിബന്ധനയും ഭരണഘടനയിലുണ്ട്.

7. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ കാതോലിക്കാ ആയിരിക്കണമെന്നും അസോസിയേഷന്റെയും മാനേജിംഗ്കമ്മറ്റിയുടെയും അദ്ധ്യക്ഷൻ മലങ്കരമെത്രാപ്പോലീത്താ ആയിരിക്കുമെന്നും വ്യവസ്ഥപ്പെടുത്തി.

8. സഭയുടെ മുഖ്യകാര്യവിചാരകൻ മലങ്കര മെത്രാപ്പോലീത്താ ആയിരിക്കുമെന്നു ഭരണഘടനയിൽ നിശ്ചയമുണ്ട്.

9. ഭരണഘടന ഭേദഗതി ചെയ്യാനുള്ള അവകാശം അസോസിയേഷനാണ്.

1934–ലെ ഭരണഘടനയിലെ ജനാധിപത്യ-എപ്പിസ്ക്കോപ്പൽ ഘടകങ്ങളെ പൊതുവെ മൂന്നായി സംഗ്രഹിക്കാം.

1. പൂർവികമായി മലങ്കര മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന എപ്പിസ്ക്കോപ്പൽ അധികാരങ്ങൾ കാതോലിക്കായിലും എപ്പിസ്ക്കോപ്പൽ സുന്നഹദോസിലും നിക്ഷിപ്തമായി.

2. എപ്പിസ്ക്കോപ്പൽ സുന്നദോസിന് പൊതുവായ മേൽനോട്ടാധികാരം ലഭ്യമായി.

3. മലങ്കര മെത്രാൻ, അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയെ നിലനിർത്തി.

ഈ പശ്ചാത്തലത്തിൽ വേണം മെത്രാധിപത്യം എത്രമാത്രം വിജയിച്ചു എന്നു വിലയിരുത്തേണ്ടത്. അപ്പോസ്തോലിക കൈവെപ്പിന്റെ പിന്തുടർച്ചയിൽ വിശ്വസിക്കുന്ന ഒരു സഭ എന്ന നിലയിൽ മലങ്കരസഭയ്ക്ക് എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മേൽനോട്ടം ഒരു അവശ്യഘടകമാണ്. പക്ഷേ 1934–ലെ ഭരണഘടന ഗ്രീക്കോ-റോമൻ ശൈലിയിലുള്ള മെത്രാധിപത്യത്തെ എത്രമാത്രം വകവെച്ചു കൊടുക്കുന്നുണ്ട് എന്നത് സൂക്ഷ്മമായി പരിചിന്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ദുർബലമായ ചില ഘടകങ്ങൾ ഭരണഘടനയിൽ ഉണ്ട് എന്നതു വാസ്തവമാണ്. ഉദാഹരണമായി മാനേജിംഗ് കമ്മറ്റിയുടെ പരിധിയിൽ വരാത്ത ട്രസ്റ്റ് മുതലുകൾ സഭയ്ക്കുണ്ട്. അവ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും മലങ്കര മെത്രാപ്പോലീത്തായുടെയും തനതു ട്രസ്റ്റുകളാണ്. അത്തരം ട്രസ്റ്റുകൾ പുതുതായി ഉണ്ടാക്കുന്നതിനു പരിമിതികൾ നിശ്ചയിച്ചിട്ടുമില്ല.

മലങ്കരസഭയുടെ മെത്രാധിപത്യ സ്വഭാവത്തിനു പരിമിതികളുണ്ട് എന്ന് വ്യക്തമാണ്. കാരണം മലങ്കരസഭ എപ്പിസ്ക്കോപ്പൽ ആണ് എന്ന് പ്രഖ്യാപിയ്ക്കണമെന്ന് 1995–ൽ സുപ്രീംകോടതിയിൽ എത്തിയ സമുദായക്കേസിൽ ആവശ്യമുണ്ടായിരുന്നു. ഇതിനെ പ്പറ്റിയുള്ള ഭൂരിപക്ഷ ജഡ്ജ്മെന്റ് ഇപ്രകാരമാണ്:

ìSo far as the declaration of the Malankara Church being Episcopal in character is concerned, all we need hold is that it is episcopal to the extent it is so declared in the 1934 Constitution. The said Constitution.î

ഇതിൽ നിന്നും 1934–ലെ ഭരണഘടനയിൽ വിവരിക്കുന്ന പരിധിക്കുള്ളിൽ മാത്രമാണ് മലങ്കരസഭയുടെ മെത്രാധിപത്യം വ്യാപരിക്കുന്നത് എന്ന് വ്യക്തമാണ്. ഈ പരിധിയ്ക്ക് കാതലായ മാറ്റങ്ങൾ വരുത്തുന്ന ഭരണഘടനാ ഭേദഗതികൾ നിയമപരമായി നിലനിൽക്കുകയില്ല. കാരണം ഏതൊരു ഭരണഘടനയുടെയും അടിസ്ഥാന സ്വഭാവത്തിനു മാറ്റം വരുത്തുന്ന ഭേദഗതികൾ നിയമപരമായി അസാധുവാണ്.

മലങ്കരസഭാ ഭരണഘടനയിലെ മെത്രാധിപത്യത്തിനെതിരായ ഘടകങ്ങളിൽ ശ്രദ്ധേയമായത് 1967–ൽ ഭേദഗതി വരുത്തിയ ഭരണഘടനപ്രകാരമുള്ള 87 മുതൽ 90 വരെയുള്ള വകുപ്പുകളാണ്. ഈ വകുപ്പുകളാണ് വർക്കിംഗ് കമ്മറ്റിയുടെ നിയമനം, ചുമതലകൾ മുതലായവ നിർണയിച്ചിരിക്കുന്നത്.

88–ാം വകുപ്പുപ്രകാരം വർക്കിംഗ് കമ്മറ്റി മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാസമിതി കൂടി ആയിരിക്കും. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയിക്കുന്ന ഒരു മേൽപ്പട്ടക്കാരനും വർക്കിംഗ് കമ്മറ്റിയിലെ അംഗമായിരിക്കുമെന്ന് വ്യവസ്ഥയുണ്ട്.

ഇവിടെയാണ് *മലങ്കര മെത്രാന്റെ സുന്നഹദോസ്* ഏതെന്ന ചോദ്യത്തിനു പ്രസക്തി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കാതോലിക്കായുടെ സുന്നഹദോസാണ്. വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നിവയിലൊഴികെ പൊതുവായ മേൽനോട്ടാധികാരം മാത്രമാണ് എപ്പിസ്ക്കോപ്പൽ സുന്നഹദോസിനുള്ളത്. 1934–ലെ ഭരണഘടന, 1876–ൽ *മലങ്കര മെത്രാന്റെ ഏകനായകത്വത്തിന് എതിർശക്തി* എന്ന നിലയിൽ രൂപീകരിച്ച അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയെ നിലനിർത്തി. അതിനാൽ മുഖ്യ ഭരണകാര്യക്കാരനായ മലങ്കര മെത്രാനെ ഉപദേശിക്കാനും ചോദ്യംചെയ്യാനുമുള്ള അവകാശം മാനേജിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഈ കാരണങ്ങളാൽ മലങ്കര മെത്രപ്പോലീത്തായുടെ സുന്നഹദോസ് അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയാണ്.

കൂടുതൽ കൃത്യമായി പറഞ്ഞാൽ, വർക്കിംഗ് കമ്മറ്റിയാണ് മലങ്കര മെത്രാന്റെ സുന്നഹദോസ്. വർക്കിംഗ് കമ്മറ്റിയിലെ മാനേജിംഗ് കമ്മറ്റി പ്രതിനിധികൾ, കൂട്ടു ട്രസ്റ്റിമാർ എന്നിവരോടൊപ്പം എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധിയുടെയും സ്ഥാനന്യായേനയുള്ള സാന്നിധ്യം ഇത് വ്യക്തമാക്കുന്നതാണ്.

കാതോലിക്കാ, മലങ്കര മെത്രപ്പോലീത്താ എന്നീ സ്ഥാനങ്ങൾ ഒരു വ്യക്തിതന്നെ വഹിച്ചാലും അവ വ്യത്യസ്തമായി നിർദ്ധാരണം ചെയ്തിരിക്കുന്നതിനാൽ രണ്ടു സ്ഥാനങ്ങളായിത്തന്നെ കണക്കാക്കണം. അവയുടെ സഹായക പ്രസ്ഥാനങ്ങളും വ്യത്യസ്തമാണ്. അതിനാൽ *മലങ്കര മെത്രാപ്പോലീത്തായുടെ സുന്നഹദോസ്* എന്ന നിലയിൽ ഈ സ്ഥാനത്തിനടുത്ത നയരൂപീകരണത്തിലും പ്രവർത്തനങ്ങളിലും അദ്ദേഹത്തെ ഉപദേശിക്കാനും സഹായിക്കാനുമുള്ള അധികാരം വർക്കിംഗ് കമ്മറ്റിക്കാണ്. ഈ അധികാരം കയ്യാളാൻ കാതോലിക്കായുടെ സുന്നഹദോസായ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് അധികാരവും അവകാശവുമില്ല. അതേപോലെ തന്നെ തിരിച്ചും.

മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലുള്ള ചുമതലകളിൽ വർക്കിംഗ് കമ്മറ്റിയെ മറികടന്നു എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനം ചെയ്യുന്നത് പിൻവാതിലിലൂടെ മെത്രാധിപത്യം കൊണ്ടുവരാനുള്ള ശ്രമമായി കണക്കാക്കണം. പക്ഷേ അതിനു നിയമപരമായി നിലനിൽപ്പില്ല.

ഭരണഘടനയും സുപ്രീം കോടതിയും നിരാകരിച്ചിട്ടും മെത്രാധിപത്യം പിൻവാതിലിലൂടെ അടിച്ചേൽപ്പിക്കാനുള്ള ശ്രമം അവസാനിച്ചിട്ടില്ല. വർക്കിംഗ്കമ്മറ്റി നിശ്ചിത കാലയളവിൽ ക്രമമായി വിളിച്ചുകൂട്ടാതിരിക്കുന്നതും അവരുടെ അധികാര പരിധിയിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കടന്നുകയറുന്നതും ഇതിന്റെ ഭാഗമായി വേണം കണക്കാക്കാൻ. ❑

# മലങ്കരസഭയിൽ സ്ത്രീ പ്രാതിനിധ്യം...

*(ഒന്നാം പേജിൽ നിന്നും)*

രമുണ്ടാകണമെന്നും നിർദ്ദേശിക്കുന്നു (പേജ് 12).

സഭാഭരണഘടന വകുപ്പ് 120–ൽ പറയുന്ന റിശ്ശീസാ 18 വയസ്സു കഴിഞ്ഞ സ്ത്രീയും പുരുഷനും കൊടുക്കണം. അത് ഭരണഘടന വകുപ്പ് 10 ൽ പറയുന്ന കുടിശികയിൽ രേഖപ്പെടുത്തേണ്ടതുമാണ് (പേജ് 13).

വകുപ്പ് 10: ഒരു ഇടവകയോഗാംഗം ഏതെങ്കിലും ഇനത്തിൽ പള്ളിക്കോ സമുദായത്തിനോ ചെല്ലേണ്ട സംഖ്യ ആറു മാസക്കാലത്തേക്കു കൊടുക്കാതെ വീഴ്ച വരുത്തിയാൽ ആ അംഗത്തിന് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനോ വോട്ടു ചെയ്യുന്നതിനോ അവകാശമില്ല..... (സഭാ ഭരണഘടന 1934, പേജ് 3).

മലങ്കര ഓർത്തഡോക്സ് സഭാഭരണസമിതികളിൽ സ്ത്രീകളെ ഉൾക്കൊള്ളിക്കുമ്പോൾ പുരുഷന്മാർക്കുള്ള എല്ലാ നടപടിചട്ടങ്ങളും സ്ത്രീകൾക്കും ബാധകമാകും. ഇതിൻപ്രകാരം പുരുഷനെപ്പോലെ സ്ത്രീയ്ക്കും സഭയിലെ അത്മായർക്ക് ലഭിക്കാവുന്ന പരമോന്നതങ്ങളായ 'സഭാട്രസ്റ്റി സ്ഥാനവും' 'സഭാ സെക്രട്ടറി സ്ഥാനവും' വഹിക്കുവാൻ അർഹത ലഭ്യമാകും. സ്ത്രീകൾക്ക് സഭയുടെ എല്ലാ തലങ്ങളിലും ഭരണകാര്യങ്ങളിൽ കൂട്ടാളിത്തശേഷിയും പങ്കാളിത്തവും ഉണ്ടാകും. അതായത് സഭയുടെ ഭരണസമിതികളിൽ പ്രാദേശികതലം മുതൽ കേന്ദ്രതലം വരെ സ്ത്രീ പ്രാതിനിധ്യം ലഭ്യമാകുന്നു.

ഇടവക ഭരണസമിതി, ഭദ്രാസന കൗൺസിൽ, സഭാ മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി എന്നിവയിലെല്ലാം പ്രാതിനിധ്യം. അനുബന്ധ സമിതികളിലും പങ്കാളിത്തം. ഇടവകയോഗത്തിലും ഭദ്രാസനയോഗത്തിലും മലങ്കര സുറിയാനിക്രിസ്ത്യാനി അസോസിയേഷനിലും അംഗത്വം! ഇത് എന്നുമുതൽ പ്രാബല്യത്തിലാകും എന്നത് അവ്യക്തമാണ്. അതിനുള്ള നടപടിക്രമങ്ങളും വ്യക്തമാക്കപ്പെടണം.

സഭാ മാനേജിംഗ് കമ്മറ്റി പഠന റിപ്പോർട്ടിന്റെ ആമുഖത്തിൽ ശക്തമായ ഒരു രൂപരേഖ സമർപ്പിക്കുന്നുണ്ട്. 'ഇവിടെ അവതരിപ്പിക്കുന്ന മിക്കവാറും എല്ലാ നിർദ്ദേശങ്ങളും ഇവിടെ ദീർഘമായ ചർച്ചയ്ക്കും പൊതുവായ അംഗീകാരത്തിനും വിധേയമായതാണ്. അതുകൊണ്ട് ഇനിയും വീണ്ടും അവയുടെ ചർച്ചയിലേക്ക് കടക്കുന്നത് അപ്രസക്തവും നിഷ്പ്രയോജനവുമായിരിക്കും. കുറെ നിർദ്ദേശങ്ങളുടെയെങ്കിലും മുൻഗണനാക്രമം രൂപപ്പെടുത്തി അവയുടെ നടത്തിപ്പിനെക്കുറിച്ച് ചിന്തിക്കുകയാണ് ഇനി വേണ്ടത്' (പേജ് 4).

സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പരിഗണനയും തീരുമാനവും ഉണ്ടാകണം. മലങ്കര മെത്രാപ്പോലീത്താ, സഭാ മാനേജിംഗ് കമ്മറ്റി എന്നീ തലങ്ങളിലും പരിഗണനയും തീരുമാനങ്ങളും ആവശ്യമാണ്. ആത്യന്തികമായി ജനങ്ങളുടെ ആത്മീയ പുരോഗതിയും സഭയുടെ കെട്ടുറപ്പുമാണ് പഠന റിപ്പോർട്ടിന്റെ ഏക ലക്ഷ്യമെന്ന് ആമുഖത്തിൽ വ്യക്തമാക്കുന്നു (പേജ് 4).

പുതിയ സഹസ്രാബ്ദത്തിന്റെ പ്രാരംഭത്തിൽ സഭാ ഭരണസമിതിയിൽ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ച് സുതാര്യമായ മാർഗ്ഗരേഖ സമഗ്രമായി അവതരിപ്പിച്ച സഭാ മാനേജിംഗ് കമ്മിറ്റിയെ അഭിനന്ദിക്കുന്നു. സ്ത്രീകളെയും ഉൾപ്പെടുത്തി ഇടവകയോഗം പുനഃസംഘടിപ്പിക്കുവാൻ 1995 ജൂൺ 20–ന് സുപ്രീംകോടതി നിർദ്ദേശിച്ചെങ്കിലും 1934–ലെ സഭാഭരണഘടനയുടെ അടിസ്ഥാനത്തിൽ സഭ ഔദ്യോഗികമായി അത് നിരാകരിച്ചു. അതിനാൽ സഭയുടെ ഭരണസമിതികളിൽ സ്ത്രീപ്രാതിനിധ്യം ഉൾക്കൊള്ളിക്കുവാൻ ലഭ്യമായ സുവർണ്ണാവസരം പാഴാക്കി. ഇതിനെതിരെ പ്രതിഷേധിക്കുവാനോ പ്രതിരോധ നിയമനടപടികൾ സ്വീകരിക്കുവാനോ സഭയിലെ സ്ത്രീ സംഘങ്ങൾക്കു പോലും കഴിഞ്ഞില്ല. സ്ത്രീപക്ഷ കാഴ്ചപ്പാടുകളോ മുന്നേറ്റങ്ങളോ സ്ത്രീപ്രാതിനിധ്യ പോരാട്ടങ്ങളോ സഭയിൽ ഉണ്ടായിട്ടില്ല. അത്തരത്തിലുള്ള ചിന്താധാരയിലേക്ക് വളരുവാൻ സഭയിലെ സ്ത്രീകളെ പ്രബോധിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ചെയ്തിട്ടുമില്ല. ഇവിടെ അവതരിപ്പിക്കുന്ന സ്ത്രീ പ്രാതിനിധ്യ ദർശനം സഭയിലെ പുരുഷ നേതൃത്വത്തിൽ നിന്നു രൂപപ്പെട്ടു എന്നത് ശ്രദ്ധേയമാണ്.

സഭയിൽ സ്ത്രീ പ്രാതിനിധ്യം പ്രായോഗികമാകുവാൻ ഇനിയും കാലങ്ങൾ കാത്തിരിക്കണം. ഭരണഘടനാ ഭേദഗതിയും തീരുമാനങ്ങളും വിവിധതല സമിതികളിൽ ഉണ്ടാകണം. അതുവരെ 2004–ലെ സഭാ മാനേജിംഗ് കമ്മറ്റിയുടെ സ്ത്രീ പ്രാതിനിധ്യത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഒരു പ്രകാശരേഖയായി ഫയലിൽ കരുതാം. സഭയിലെ സ്ത്രീ സംഘങ്ങളിൽ ചർച്ചകൾക്കും പഠന പോരാട്ടങ്ങൾക്കും ഇത് പ്രാമാണിക രേഖയായി സൂക്ഷിക്കാം. വിശാലമായ കാഴ്ചപ്പാടിന് സ്തുതിയും മഹത്വവും.

**പിൻകുറിപ്പ്:**

മലങ്കരസഭയുടെ ആത്മീക നവോത്ഥാനവും സമാധാനവും ഭരണഭദ്രതയും എന്നീ വിഷയത്തിൽ 2004 ഡിസംബർ 7 ന് നടന്ന ചർച്ചയിലെ നിർദ്ദേശങ്ങൾ പലതും ഇന്നും വേണ്ടത്ര പ്രാധാന്യത്തോടെ നടപ്പാക്കുകയോ അതത് സമിതികളിൽ എത്തിക്കുകയോ ചെയ്തിട്ടില്ല. 2007–ൽ കൂടിക്കുന്ന സഭാ മാനേജിംഗ് കമ്മിറ്റി വീണ്ടും ഇവയെല്ലാം ചിന്തിയ്ക്കും. ഇങ്ങനെ ചിന്തിച്ച് ചിന്തിച്ച് കാലം പാഴാക്കും. ഒന്നും നടപ്പാക്കുകയുമില്ല എന്ന് ജനസംസാരം! ❑

## ഓഫ് സൈഡ് - ഓഫ് സൈഡ്

### അരിമണിയൊന്നു കൊറിക്കാനില്ല. തരിവളയിട്ടു നടക്കാൻ മോഹം

ഒരു കൊച്ചു പള്ളി, സാമ്പത്തികം വളരെ മോശം. മാറിയിടാൻ ഒരു കാപ്പ പോലുമില്ല. നിത്യച്ചെലവു തന്നെ ഞെരുക്കത്തിൽ.

ടി. പള്ളിയിൽ വികാരി കടുത്ത സമ്മർദ്ദത്തിലാണ്. കാരണം അടുത്തകാലത്ത് അവിടെയൊരു ക്വയർ തല്ലിക്കൂട്ടി. ദോഷം പറയരുത് രജിസ്ട്രേഷനുമുണ്ട്. അവർക്കിപ്പം ഒരു മിക്സർ വേണം. അല്ലെങ്കിൽ പാട്ടു വരത്തില്ലത്രേ. സംഗതി നല്ലതാണെന്നു വികാരിക്കും തോന്നി. മിക്സറിന്റെ വില കേട്ട വികാരി ഞെട്ടി. കുറഞ്ഞത് കാൽലക്ഷം രൂപാ. പാവം വികാരി പറഞ്ഞു നമുക്കിത് ഇപ്പോൾ വേണ്ടെന്ന്. കിട്ടിയേ തീരൂ എന്ന കടുംപിടുത്തത്തിലാണത്രെ ക്വയർ. പാവം വികാരി.

മുഖലേഖനം

# സംവത്സരാന്ത്യ ചിന്തകൾ

ജീവിതത്തിന്റെ സമസ്ത മേഖലകളിലും വർഷാന്ത്യം എന്നത് അവലോകനത്തിനും ഭാവിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളെയും ലക്ഷ്യങ്ങളെയും പുനർനിർവ്വചിക്കാനുമുള്ള അവസരമായിട്ടാണ് ഉപയോഗപ്പെടുത്താറുള്ളത്. വ്യക്തികളും പ്രസ്ഥാനങ്ങളും സംഘടനകളും എല്ലാം ഇപ്രകാരമുള്ള അവലോകന - പുനർനിർവ്വചന പ്രക്രിയകൾക്കു വിധേയരാകാറുണ്ടെങ്കിലും സഭയോ സഭയുടെ ഉത്തരവാദപ്പെട്ട സമിതികളോ (വർക്കിംഗ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി, സുന്നഹദോസ് തുടങ്ങിയവ), സംഘടനകളോ (വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം, സൺഡെസ്ക്കൂൾ പ്രസ്ഥാനം മുതലായവ) ഇപ്രകാരം ഒന്നും നടത്തുന്നതായി അറിവില്ല. വന്നപാട് ചന്തം എന്ന പ്രവർത്തനശൈലിയുള്ള സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരമുള്ള സുചിന്തിതവും സുസംഘടിതവുമായതൊന്നും പ്രതീക്ഷിച്ചിട്ടു കാര്യവുമില്ല.

പ: ദിദിമോസ് പ്രഥമൻ ബാവായുടെ നേതൃത്വത്തിലുള്ള ആദ്യത്തെ പൂർണ്ണ വർഷം എന്ന നിലയിൽ പല നല്ല തുടക്കങ്ങൾക്കും ഈ വർഷം പ്രയോജകീഭവിച്ചു എന്നത് സഭാസ്നേഹികളെ സന്തോഷിപ്പിക്കുന്ന കാര്യമാണ്. പല ദുഷ് പ്രവണതകൾക്കും അവസാനമുണ്ടായതും കാര്യക്ഷമമായ ഒരു സെക്രട്ടറിയേറ്റ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചതും നല്ല കാര്യങ്ങൾ തന്നെ. മാധ്യമസെല്ലിന്റെ ആവിർഭാവത്തോടെ ഒരു വലിയ പരിധി വരെ സഭയുടെ സന്ദേശം ജനങ്ങളിൽ എത്തിച്ചേരുവാനും ആരംഭിച്ചു. നിയമപരമായ മേഖലയിൽ ഒരു വലിയ പ്രതിസന്ധിയിൽ നിന്നും സഭ രക്ഷപെട്ടെങ്കിലും ലീഗൽ സെല്ലിന് വളരെയൊന്നും മുന്നോട്ടുപോകുവാൻ സാധിച്ചിട്ടില്ല. എങ്കിലും കൂടിയാലോചനയും കൂട്ടായ തീരുമാനമെടുക്കലുമുണ്ടാകുന്നു എന്നത് ഒരു വലിയ മാറ്റം തന്നെയാണ്. നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിൽ പ്രകടമായ ജനാഭിലാഷാനുസൃതമായ പുതിയ കീഴ്വഴക്കം ചരിത്രത്തിൽ ഒരു നാഴികക്കല്ലായിത്തീർന്നു കഴിഞ്ഞു. ഭരണപരമായി പല കാര്യങ്ങൾക്കും അടുക്കും ചിട്ടയും വരുത്തിയ പ: ദിദിമോസ് ബാവായുടെ ഭരണപരിഷ്ക്കാരങ്ങൾ ഈ വർഷത്തെ നേട്ടങ്ങളുടെ പട്ടികയിൽ പെടുത്താവുന്നവ തന്നെയാണ്.

എന്നാൽ സഭയുടെ മുൻഗണനാക്രമത്തിലുള്ള സുപ്രധാനമായ പല മേഖലകളിലും കാര്യമായ പുരോഗതിയുണ്ടായിട്ടില്ല എന്ന വസ്തുതയ്ക്കു നേരെ കണ്ണടച്ചിട്ട് കാര്യമില്ല. ഏറ്റവും പ്രധാനം സഭയുടെ കെട്ടുറപ്പും ജനത്തിന്റെ സഭാപരമായ തീക്ഷ്ണതയും ഉറപ്പിക്കുവാനുള്ള നടപടികളൊന്നും കഴിഞ്ഞ വർഷം നടന്നിട്ടില്ല എന്നതു തന്നെ. സ്ഥാപനവൽക്കരണം നൽകുന്ന ശീതളച്ഛായ അജപാലനരംഗത്തെ അവഗണിക്കുവാൻ സഭാസ്ഥാനികൾക്ക് സൗകര്യമാകുന്നു എന്നതാണ് സഭ നേരിടുന്ന ഏറ്റവും വലിയ വിപത്ത്. സഭയിൽ നിന്നും അന്യഥാവൽക്കരിക്കപ്പെടുന്ന ജനം സഭാപരമായി നിസ്സംഗരാകുന്നത് ഒരു സ്വാഭാവിക പ്രതികരണമാണ്. അജപാലനരംഗത്തെ അപര്യാപ്തതകളെപ്പറ്റി മാനേജിംഗ് കമ്മറ്റി വളരെയേറെ ആശങ്ക പ്രകടിപ്പിച്ചെങ്കിലും അതിനുള്ള തിരുത്തൽ നടപടികളൊന്നും ഉത്തവാദപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിട്ടില്ല. സബ് കമ്മറ്റി രൂപീകരിക്കുക, റിപ്പോർട്ടു കൊടുക്കുക തുടങ്ങിയവയോടെ തങ്ങളുടെ ഉത്തരവാദിത്തം അവസാനിച്ചുവെന്ന് മാനേജിംഗ് കമ്മറ്റിയും, ഇത് തങ്ങളെ ബാധിക്കുന്ന പ്രശ്നമല്ല എന്ന് വൈദീകനേതൃത്വവും ചിന്തിക്കുന്നതിന്റെ പരിണിതഫലം 'വഞ്ചി ഇപ്പോഴും തിരുനക്കരത്തന്നെ' എന്നതാണ്. സെക്ട്ടേറിയൻ സഭകളിലേക്കുള്ള ജനത്തിന്റെ ഒഴുക്കിനെ, കൺവൻഷൻ പ്രസംഗങ്ങളിലൂടെയും മൈക്രോഫോണിലൂടെയും തടയിടാമെന്ന് ചിന്തിക്കുന്നവർ വിഡ്ഢികളുടെ പറുദീസാവാസികളാണെന്ന് മനസ്സിലാക്കുവാൻ വലിയ പാണ്ഡിത്യത്തിന്റെയൊന്നുമാവശ്യമില്ല. സഭയുടെ ഇന്നത്തെ അവസ്ഥയിൽ മനം നൊന്ത ഒരു സീനിയർ വൈദികൻ അടുത്ത കാലത്ത് പറഞ്ഞതുപോലെ, സഭയിൽ ആശയങ്ങൾക്ക് യാതൊരു കുറവുമില്ല, കുറവുള്ളത് നടപ്പാക്കാനുള്ള ആളുകളും അതിനുള്ള ഇച്ഛാശക്തിയുമാണ്.

ഭദ്രാസനതലങ്ങളിൽ ആത്മീയ നവോത്ഥാനത്തിനുള്ള പരിപാടികൾ രൂപീകരിക്കപ്പെടുകയും അവയെ ശരിയായ, കാലികമായ വിലയിരുത്തലുകളോടെ നടപ്പാക്കുകയും ചെയ്യുക എന്ന ലളിതമായ പരിഹാരമാർഗ്ഗം നടപ്പാകപ്പെടാത്തത് വിദേശ പര്യടന - പിരിവ് തല്പരരായ മെത്രാന്മാരും അപ്രകാരം വരുന്ന പണം ഡപ്പോസിറ്റായി സ്വീകരിച്ച് ബിസിനസ്സ് വളർത്തുന്ന ബ്ലേഡ് കമ്പനികളുമായുള്ള ദൂഷിത വലയമാണ്. സ്വദേശത്തെയും വിദേശത്തെയും വിശ്വാസികൾ സഭാ ഭക്തിയിൽ പ്രചോദിതരായി തങ്ങളുടെ അദ്ധ്വാനഫലം സംഭാവന ചെയ്യുന്നത് ആത്യന്തികമായി ചില ബ്ലേഡ് കമ്പനിക്കാരുടെ ആസ്തിമൂല്യം വർദ്ധിപ്പിക്കുവാനിടയാകുന്ന സാഹചര്യം ഇന്നും നിലനിൽക്കുകയാണ്. സമ്പത്ത് ആർജ്ജിക്കുക എന്നതിൽ മാത്രമായി മെത്രാപ്പോലീത്താമാർ തങ്ങളുടെ അജൻഡാ ചുരുക്കുമ്പോൾ സംഭവിക്കുന്നത് അജപാലനരംഗത്തെ ക്ഷയോന്മുഖതയാണ്. തങ്ങളുടെ മേലധികാരികളെ അനുകരിക്കുന്ന വൈദീകരും ധനസമ്പാദനത്തെ ഒന്നാമത്തെ അജൻഡയായി പ്രതിഷ്ഠിക്കുമ്പോൾ ചിത്രം പൂർത്തിയാകുന്നു. ഈ ദൂഷിത വലയം തകർക്കുവാനുള്ള ശ്രമങ്ങൾ ഒന്നും നടന്നില്ല എന്നത് മാത്രമല്ല, ബ്ലേഡു കമ്പനികൾ സഭയെ തങ്ങളുടെ കൈപ്പിടിയിലാക്കുവാനുള്ള ശ്രമം ശക്തിപ്പെടുന്നതിന്റെ ലക്ഷണങ്ങൾ കൂടുതലായും കാണുന്നുണ്ട്.

സഭയുടെ പ്രസ്ഥാനങ്ങളിൽ വിദ്യാർത്ഥിപ്രസ്ഥാനം വളരെയേറെ ആശങ്കകൾ ഉയർത്തുന്നുണ്ട്. സഭയോടോ മാനേജിംഗ് കമ്മറ്റിയോടോ എപ്പിസ്ക്കോപ്പൽ സിനഡിനോടോ ഒന്നും പ്രതിബദ്ധതയില്ലാത്ത ഒരു സർവ്വതന്ത്രസ്വതന്ത്രമായ പ്രസ്ഥാനമായി ഈ പ്രസ്ഥാനം നിലകൊള്ളുന്നു. യൂണിറ്റുകളുടെയും വിദ്യാർത്ഥികളുടെയും സംഖ്യ ഈ പ്രസ്ഥാനത്തിൽ കുറഞ്ഞു വരുമ്പോൾ അര ഡസനോളം മെത്രാന്മാർ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഫ്ളാറ്റുപണി, വിദേശത്തു നിന്നുള്ള പിരിവ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ പ്രസ്ഥാനം വിമർശനങ്ങളുയർത്തുന്നവരോട് അസഹിഷ്ണുത പുലർത്തുന്നത് സ്വാഭാവികം മാത്രമാണ്. സമ്പത്ത്, കെട്ടിടങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി വിദ്യാർത്ഥികളുടെ സംഖ്യ ഈ പ്രസ്ഥാനത്തിന് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ നിലയ്ക്ക് മുന്നോട്ടു പോയാൽ അധികം താമസിയാതെ വിദ്യാർത്ഥികളേക്കാൾ വിദ്യാർത്ഥികളല്ലാത്തവരുൾപ്പെടുന്ന പ്രസ്ഥാനമായി ഈ സംഘടന രൂപാന്തരപ്പെട്ടേക്കാം.

സഭയ്ക്കുള്ളിൽ ഒരു സമ്മർദ്ദഗ്രൂപ്പായി നിന്ന് വെട്ടിനിരത്തലുകളും പിടിച്ചടക്കലും നടത്തുന്ന ഈ പ്രസ്ഥാനത്തെ എങ്ങിനെ ശരിയായ പാതയിൽ കൊണ്ടുവരാമെന്നത് സഭാ നേതൃത്വം ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. അപ്രകാരം നിയന്ത്രിക്കാനായില്ലെങ്കിൽ സഭാഗാത്രത്തെ ബാധിച്ചിരിക്കുന്ന ഈ കാൻസർ കൂടുതലായി വ്യാപിച്ച് സുഖപ്പെടുത്താനാവാത്ത നിലയിലേക്ക് എത്തിച്ചേരും. ഭദ്രാസനങ്ങളുടെ സ്വതന്ത്ര സാമ്രാജ്യങ്ങളായുള്ള പ്രവർത്തനം ഒരു വലിയ പരിധിവരെ തടയുവാൻ കഴിഞ്ഞ ദിദിമോസ് ബാവായ്ക്ക് വിദ്യാർത്ഥിപ്രസ്ഥാനത്തെയും നിയന്ത്രണാധീനമാക്കുവാൻ സാധിക്കുമെന്ന് സഭാസ്നേഹികളോടൊപ്പം ഞങ്ങളും പ്രതീക്ഷിക്കുന്നു.

ഒരു ഉപജാപകസംഘം ഈ വർഷം പടിയിറങ്ങിയെങ്കിൽ, മറ്റൊരു ഉപജാപകസംഘം രൂപം പൂണ്ടു വരുന്നത് അൽമായവേദി പുറത്തുകൊണ്ടുവന്നതിനെത്തുടർന്ന് ഉൾവലിഞ്ഞെങ്കിലും ഇത്തരം പ്രവണതകൾ ആവർത്തിക്കുവാനുള്ള സാദ്ധ്യതകൾ തള്ളിക്കളയുവാനാവില്ല. വ്യവസ്ഥാപിത സമിതികളെ മറികടന്നുകൊണ്ട് ചില പ്രത്യേക താല്പര്യക്കാർ പിൻവാതിലിലൂടെ കാര്യസാദ്ധ്യം നടത്തുന്ന ദുഷ്പ്രവണത വലിയ പരിധി വരെ തടയപ്പെട്ടെങ്കിലും പൂർണ്ണമായി അവസാനിച്ചെന്ന് പറയാനാവില്ല. ഇത്തരം ചില പിന്നാമ്പുറ സംഘങ്ങൾ അങ്കമാലി ഭദ്രാസന പ്രശ്നത്തിലും മറ്റും നടത്തിയ ഇടപെടലുകൾ സഭയുടെ വിശാല താല്പര്യങ്ങളെ ഹനിക്കുന്നത് വ്യക്തമാണല്ലോ. വ്യക്തമായ അഴിമതിയാരോപണങ്ങൾക്ക് വിധേയരായവരെ സുപ്രധാന സമിതികളിലേക്ക് തിരഞ്ഞെടുത്തതിന്റെ യുക്തി എത്ര ചിന്തിച്ചാലും ബോധ്യമാകാത്ത ഒന്നാണ്. സഭാ നേതൃത്വത്തെയും ഉന്നത നേതൃത്വത്തിലുള്ള തീരുമാനങ്ങളെയും മാധ്യമങ്ങളിലൂടെ വെല്ലുവിളിച്ച, വിഘടിത വിഭാഗവുമായി രഹസ്യധാരണ പുലർത്തുന്ന വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്ന നടപടി ആത്യന്തികമായി സഭയ്ക്ക് ദോഷം ചെയ്യുമെന്നതിൽ സംശയിക്കേണ്ടതില്ല.

പല വിധത്തിലും ആശയും, ചില കാര്യങ്ങളിൽ ആശങ്കയുമുണർത്തുന്ന സംഭവങ്ങളാണ് 2006 ൽ ഉണ്ടായത്. വർക്കിംഗ് കമ്മറ്റി, ഉപദേശകസമിതി എന്നിവ കൂലങ്കഷമായ ഒരു ചിന്തനം നടത്തി കഴിഞ്ഞ വർഷത്തിന്റെ ഒരു സ്റ്റോക്കെടുപ്പ് നടത്തുകയും അടുത്ത വർഷത്തേക്ക് വ്യക്തമായ ലക്ഷ്യങ്ങൾ നിർവചിക്കുകയും അതിലേക്കുള്ള ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ട ഒരവസരമാണിത്. കാലാനുസൃതമായ പ്രവർത്തനശൈലിയിൽ വ്യതിയാനം വരുത്തുവാനുള്ള ആർജ്ജവം സഭാനേതൃത്വത്തിനും ഉന്നതാധികാരികൾക്കും ഉണ്ടാവണം.

# അൻവർ അനാവശ്യം എഴുതിയാൽ സത്യം മിഥ്യയാകുമോ?

ഏബ്രഹാം, പുതുപ്പള്ളി

പുതുപ്പള്ളിപള്ളി സെമിത്തേരി പ്രശ്നത്തിൽ *അത്മായവേദി ന്യൂസ് ബുള്ളറ്റിനിൽ* പാത്രിയർക്കീസ് വിഭാഗത്തെയേയോ പാത്രിയർക്കാ പള്ളിയേയോ പരാമർശിച്ചിട്ടില്ല. പാത്രിയർക്കാ പള്ളി അനഃധികൃതമായി പുറമ്പോക്കിൽ രാഷ്ട്രീയ, ഉദ്യോഗസ്ഥ സ്വാധീനത്തിലൂടെ പടുത്തുയർത്തുന്നതിനെതിരെ ബഹുജനം നൽകിയ നിവേദനം പ്രസിദ്ധീകരിച്ചു എന്നേയുള്ളു. അല്ലാതെ പുതുപ്പള്ളി പള്ളി വിട്ടുപിരിഞ്ഞ സഭാ വിരുദ്ധരുടെ വൈരുദ്ധ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല.

പുതുപ്പള്ളിപള്ളിയുടെ അനസ്യൂത പ്രയാണത്തെയും അഭിപ്രായ ഐക്യത്തെയും തകർക്കാനും സെമിത്തേരിപ്രശ്നം ഉണ്ടാക്കാനും ശ്രമിച്ചതിൽ അൻവറിനും അനുയായികൾക്കും പങ്കുണ്ട്. ആയതിനാലാണല്ലോ *വിശ്വാസ സംരക്ഷകനിലൂടെ* യാഥാർത്ഥ്യത്തിനെതിരെ പ്രതികരിച്ചത്. പള്ളിവക സെമിത്തേരി പറമ്പിന്റെ കിഴക്കു വടക്കുഭാഗത്തുനിന്ന് പള്ളിയുടെ കുടികിടപ്പുകാരനെ ഒഴിവാക്കി സെമിത്തേരി വിപുലീകരിക്കുന്നത് എങ്ങിനെ പുതിയ സ്ഥലമാകും. അഞ്ഞൂറിലധികം വർഷം പഴക്കമുള്ള പള്ളി സെമിത്തേരിയുടെ നിർമ്മാണ പ്രവർത്തനത്തിന് പ്രാദേശിക ഭരണസമിതികളുടെ അനുമതി ആവശ്യമില്ല എന്ന പഞ്ചായത്ത് രാജ് നിയമം പഠിക്കാതെ വിഘടിതരുടെ വാക്കു കേട്ട് പഞ്ചായത്ത് ഇറക്കിയ ഉത്തരവിലെ പൊള്ളത്തരം അത്മായവേദി തുറന്നു കാട്ടി. പഞ്ചായത്ത് ഉത്തരവ് നിരുപാധികം പിൻവലിച്ചു.

എന്നാൽ പുതുപ്പള്ളിപള്ളിക്കും മലങ്കര സഭയ്ക്കും ബദലായി ഉദ്യോഗസ്ഥ രാഷ്ട്രീയപിന്തുണയോടെ പുറമ്പോക്കുപള്ളിയ്ക്കുള്ള ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നു. ഈ അനധികൃത നിർമ്മാണം നഗ്നനേത്രത്താൽ ഏവർക്കും ദർശിക്കാവുന്ന നഗ്നസത്യം മാത്രമാണ്. പൊതുജനം കലക്ടർക്കു നൽകിയ നിവേദനത്തിൽ ഓർത്തഡോക്സുകാർ ഒപ്പിട്ടതു മൂലം അതു പൊതു താല്പര്യ ഹർജി അല്ലാതാവുന്നില്ല. ഉണ്ണുനീലിസന്ദേശത്തിന്റേയും, വഴിയുടെയും പ്രസക്തിയും, പ്രശസ്തിയും അൻവറിനും, അബ്ദുള്ളയ്ക്കും അറിയില്ല. കാരണം നിങ്ങൾ നസ്രാണി പൈതൃകവാദികളല്ല. അതുകൊണ്ടു തന്നെ ഭാരതത്തോടും, ഭാരതസഭയോടും മലനാടിനോടും, മലങ്കരസഭയോടും കടപ്പാടുണ്ടാവില്ല. എല്ലാം അറബിമയം അഥവാ സിറിയൻ മയം.

അഞ്ചു നൂറ്റാണ്ടിലേറെ പഴക്കമുള്ള പുതുപ്പള്ളിപള്ളിയിലെ സെമിത്തേരിയിലെ വോൾട്ടുകളിൽ ശവസംസ്ക്കാരം നടത്തുവാൻ പാടില്ല എന്നാവശ്യപ്പെട്ട് പിന്നീട് പഞ്ചായത്തിൽ നിന്നും നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു. സെമിത്തേരിക്കു സമീപത്തായി അടുത്ത കാലത്ത് വീടുകൾ പണിതിട്ടുള്ള ചിലരുടെ പരാതിയിന്മേലാണ് ഈ നടപടി.

വിഘടിത വിഭാഗത്തിന്റെ പള്ളി പണിയുവാൻ പെരുംതുരുത്തി - മണർകാട് ബൈപ്പാസ് റോഡിനും മണർകാട് - തെങ്ങണ റോഡിനുമിടക്കുള്ള പുറമ്പോക്കു ഭൂമി പതിച്ചുനൽകിയതും അവിടെ ഇപ്പോൾ പണികഴിപ്പിക്കുന്ന വിഘടിതരുടെ പള്ളി, ഉണ്ണുനീലി സന്ദേശം റോഡിന് തടസ്സമാകുമെന്നതും കണക്കിലെടുത്താൽ ഭരണതലത്തിൽ സ്വാധീനമുള്ള ചിലർ പുതുപ്പള്ളി വലിയപള്ളിക്കെതിരായ ചില കരുനീക്കങ്ങൾ നടത്തുന്നുവെന്ന് വ്യക്തമാകുന്നു.

പൊതുക്കല്ലറ പൊട്ടിഒഴുകി എന്ന ഭാഷ്യവും നിങ്ങളുടെ സൃഷ്ടി തന്നെ. ഇതു പണികഴിപ്പിച്ചത് യശശരീരനായ കടിയൻതുരുത്തിൽ കത്തനാരുടെ കാലത്ത് ഹൈക്കോടതി ഉത്തരവിലൂടെ അദ്ദേഹമാണ്. അതുപോലെ പുതുപ്പള്ളിപള്ളി സെമിത്തേരിയിൽ പതിനഞ്ചല്ല മുപ്പത് തലമുറ അന്തിയുറങ്ങുന്നുണ്ട്. അൻവർ പള്ളിയിൽ ചേർന്നിട്ട് പേരിൽ പോലും മാറ്റം ഉണ്ടായിട്ടില്ലാത്ത സ്ഥിതിയ്ക്ക്, പതിനഞ്ച് തലമുറയുടെ പാരമ്പര്യം മനസ്സിലാവില്ല. തന്നെയുമല്ല അന്ത്യോഖ്യൻ ബന്ധത്തിനും നൂറ്റമ്പതു വർഷത്തിലധികം പഴക്കമില്ല.

പുതുപ്പള്ളിപള്ളി വികാരി പാറേട്ടച്ചൻ ഒരിക്കലും പാത്രിയർക്കീസിന്റെ അടിമയായിരുന്നില്ല. അദ്ദേഹത്തിന്റെ മുൻതലമുറ പുതുപ്പള്ളി പള്ളിയിലെ സ്വർണ്ണകുരിശ് തട്ടിഎടുക്കാനുള്ള അബ്ദുള്ളാ പാത്രിയർക്കീസിന്റെ അറബി തന്ത്രം പൊളിച്ചു.

പള്ളിയും സമ്പത്തും കീഴ്പ്പെടുത്താനുള്ള പാത്രിയർക്കീസിന്റെ നടപടിയെ എതിർത്തതു മൂലം പ. വട്ടശ്ശേരിൽ പിതാവിനെ അബ് ദുള്ളാ മുടക്കി. പക്ഷേ, രാജ്യനീതിക്കു നിരക്കാത്ത വൈദേശികന്റെ ഉടക്ക് മുടക്കായി തുടരാൻ പറ്റിയില്ല. പാത്രിയർക്കീസിന്റെ കവാത്തു കണ്ടു മയങ്ങിയ പള്ളികൈക്കാരൻ കുഞ്ഞുവർക്കിയച്ചൻ സ്വന്തക്കാരനായ പാറേട്ടച്ചനെ ഒറ്റപ്പെടുത്തി പാത്രിയർക്കീസിനെ കൂട്ടി പള്ളി സ്വന്തമാക്കാൻ ശ്രമിച്ചു. ഇന്നും പുതുപ്പള്ളിയിൽ പള്ളിക്കെതിരെ ബദൽപ്പള്ളി പണിയുന്നതും, കുപ്രചാരങ്ങൾ നടത്തുന്നതും. അനധികൃത നിർമ്മാണങ്ങൾക്കും സഭാപ്രശ്നങ്ങൾ നിലനിർത്തി നേട്ടങ്ങൾ ഉണ്ടാക്കുന്നതും അദ്ദേഹത്തിന്റെ പിൻതലമുറ തന്നെ.

ഇഥംപ്രഥമമായി പാത്രിയർക്കീസിന് കണ്ടു കാഴ്ച നല്കി പാലക്കുന്നത്ത് അത്താനാസിയോസ്സ് ശീമപ്പട്ടമേറ്റ് പുതുപ്പള്ളിയിൽ വന്ന് നവീകരണ സിദ്ധാന്തം ഇറക്കിവിട്ടു. അങ്ങിനെ ആദ്യമായി പാത്രിയർക്കീസ് പാലക്കുന്നനിലൂടെ ഭാരതസഭയെ വിഭജിച്ചു. തുടർന്ന് പാലക്കുന്നനെ പുതുപ്പള്ളിയിൽ നിന്ന് തുരത്താൻ റാക്കാട്ടുപള്ളിയിൽ വാണ ശീമക്കാരൻ യൂയാക്കിം മാർ കൂറിലോസിനെ വരുത്തി. നവീകരണക്കാരുമായുള്ള ഭിന്നത തുടർന്നു. പിന്നീടു വന്ന പാത്രിയർക്കീസ്സ് കല്പിച്ചു ഈ പ്രശ്നം സിവിൾ കോടതി വഴി തീർപ്പാക്കുകയെന്ന്. നിർഭാഗ്യവശാൽ ഇന്നും കോടതിയിൽ കേസ്സുകൾ നിലനിർത്തുന്ന പ്രവണത മലങ്കരയിൽ നട്ടതും പാത്രിയർക്കീസന്മാർ തന്നെ. തിരുസഭയെ കേസ്സാകുന്ന ഊരാക്കുടുക്കിൽ കുടുക്കിയ പാത്രിയർക്കീസന്മാർ അനധികൃത മെത്രാൻ വാഴ്ച ഇന്നും തുടർന്ന് കപ്പംപറ്റി സമ്പന്നരായിരിക്കുന്നു. മലങ്കരസഭാ സ്ഥാപകനായ നമ്മുടെ പിതാവ് മാർത്തോമ്മാ ശ്ലീഹായെ കപ്പിയാരാക്കി തരംതാഴ്ത്തി, വെടക്കാക്കി തനിക്കാക്കുന്നു. നമ്മെ ഭിന്നിപ്പിച്ചും, തമ്മിലടിപ്പിച്ചും, കേസ്സു നടത്തിയും, അവർ സഭയുടെമേൽ ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുന്നു. കോടതിയിൽ പരാജയപ്പെട്ട വിഘടിതർ ഇന്നു പറയുന്നത്, കേസ്സു വേണ്ട, വീതിക്കാം, സംയുക്ത സമിതിയാവാം എന്നൊക്കെയാണ്. ഈ സിറിയൻ തന്ത്രത്തിന് എറാൻമൂളാൻ ഓർത്തഡോക്സ് സഭയിലെ ചില പ്രമുഖരും തങ്ങളുടെ സ്വാർത്ഥത നിലനിർ ത്താൻ വിഘടിതരെ സഹായിക്കുന്നു.

മിഖായേൽ മാർ ദീവന്നാസിയോസ്സ് പട്ടം വിതരണം ചെയ്ത കാലത്ത് കടിയൻതുരുത്തിലച്ചനും പട്ടക്കാരനായി. പുതുപ്പള്ളി പള്ളി വികാരി പാറേട്ടച്ചൻ പള്ളിയിൽ വരും മുമ്പ് പള്ളിയിൽ അതിക്രമിച്ചു കടന്ന് അനധികൃത പള്ളികൈയേറ്റം മലങ്കരയിൽ അങ്ങിനെ അരങ്ങേറി. 1975 ഡിസംബർ 22-ാം തീയതി ഒരു വൃദ്ധയുടെ മൃതശരീരം സംസ്ക്കരിക്കാൻ സെമിത്തേരിയിലേക്ക് കൊണ്ടുപോകുമ്പോൾ അതു തടഞ്ഞതും ബ. കടിയന്തുരുത്തിലച്ചന്റെ നേതൃത്വത്തിൽ തന്നെ. അങ്ങിനെ ശവം തടയൽ എന്ന ശീമ സൂത്രം പരീക്ഷിച്ചതും പുതുപ്പള്ളിയിൽ തന്നെ.

ചെറുവള്ളിയും, പെരുമ്പള്ളിയും പട്ടമേറ്റു വന്നശേഷം പട്ടം കെട്ടിയ പട്ടക്കാർ പട്ടാപ്പകലുകളിലും പള്ളികളിൽ അതിക്രമിച്ചു കടക്കുന്നു. വൈദികരുടെ മൃതദേഹങ്ങൾ വരെ തടയുന്നു. സഭാസ്നേഹികളെ വെട്ടിഞുറുക്കുന്നു. സഭാ സമാധാനാനന്തരം പുതുപ്പള്ളിയിലെ പീസ്ലീഗിന്റെ നിർബന്ധത്തിനു വഴങ്ങി അഭിവന്ദ്യ പാറേട്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ബ. കടിയൻതുരുത്തിലച്ചനെ പുതുപ്പള്ളിപള്ളിയിൽ കയറാൻ അനുവദിച്ചു. പക്ഷേ പിതാവ് കല്പിച്ചു:

*(ശേഷം 5-ാം പേജിൽ)*

## ഓഫ് സൈഡ് - ഓഫ് സൈഡ്

### ജുബ്ബായുഗം അവസാനിക്കുന്നു

അൽമായട്രസ്റ്റി മത്സരരംഗത്ത് ഡോ. ജോർജ് വർഗീസും, എം. ജി. ജോർജ് മുത്തൂറ്റും മാത്രം ശേഷിച്ചതോടെ ദേവലോകത്ത് ജുബ്ബാധാരികളായ ട്രസ്റ്റികളുടെ കാലം അവസാനിച്ചു. ഇരുവരും പാന്റ്സും ഷർട്ടും ധരിക്കുന്നവരായതിനാൽ ആരു ജയിച്ചാലും ജുബ്ബാ ഔട്ട്. ഇനി വല്ല പിള്ളേരുസെറ്റും കേറി സെക്രട്ടറി കൂടെയായാൽ ജുബ്ബായുടെ *വഴിക്കാലാ* ചൊല്ലാം. ഇനി ജയിച്ചുവരുന്ന പാന്റന്മാർ വല്ലവരും *സമുദായപ്രമാണികളുടെ ഇന്റർനാഷണൽ യൂണിഫോം* എന്ന നിലയിൽ ജുബ്ബായിലേക്കു മാറിയാൽ സംഗതി പാളും.

# മലങ്കര അസോസിയേഷനും തെരഞ്ഞെടുപ്പും

**പി. തോമസ്** (സഭാ മാനേജിംഗ് കമ്മിറ്റിയംഗം)

പുതിയ മലങ്കര സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ കൂടുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണല്ലോ. പുതിയ അസോസിയേഷന്റെ പ്രധാന കാര്യപരിപാടി വൈദിക – അത്മായട്രസ്റ്റിമാരെ തെരഞ്ഞെടുക്കുകയാണ്. ഇത് സംബന്ധിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

അർഹതയും കഴിവും ഉള്ളവർ സ്ഥാനങ്ങളിൽ വരുന്നതിന് പ്രാദേശിക പരിഗണനകൾ തടസ്സമാകരുത്. അതേസമയം കേന്ദ്രഭാരവാഹികൾ എല്ലാം ‘ഠ’ വട്ടത്തിലുള്ളവർ ആകാതിരിക്കുകയും വേണം. വിവിധ പ്രദേശങ്ങൾക്ക് അർഹമായ പരിഗണനയും പ്രാതിനിദ്ധ്യവും തെരഞ്ഞെടുപ്പിൽ ഉണ്ടാകണം.

അസോസിയേഷൻ പ്രതിനിധികളിൽ ഒരു നിശ്ചിത ശതമാനം പേരെങ്കിലും അദ്ധ്യാത്മികസംഘടനാ രംഗത്ത് പ്രവർത്തന പരിചയം ഉള്ളവരും ദിവ്യബോധനം പഠന പദ്ധതിയിൽ നിന്നോ മറ്റോ പരിശീലനം ലഭിച്ചവരുമാകണം. സഭാനേതൃത്വത്തിൽ ശരിയായ സഭാശിക്ഷണം നേടിയവരുടെ സാന്നിദ്ധ്യം ഉണ്ടാകുവാൻ ഇതു സഹായിക്കും.

കഴിവുള്ളവർ നേതൃരംഗത്ത് വരേണ്ടതുണ്ടെങ്കിലും നിരന്തരമായി ഒരേ മുഖങ്ങൾ തന്നെ ആകേണ്ടതില്ല. ഒരു കാലാവധിക്കെങ്കിലും തുടർച്ചയായി രംഗത്തുള്ളവർ വിട്ടുനില്ക്കണം. പുതിയ അസോസിയേഷൻ അംഗങ്ങളിൽ നിന്നാണ് മാനേജിംങ് കമ്മറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കേണ്ടത്. അവിടെയും പുതുമുഖങ്ങൾ വരുവാൻ ഈ നടപടി സഹായകമാകും.

പള്ളിപ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പിലും ഇടവകയുടെ പ്രാദേശിക പ്രാതിനിദ്ധ്യത്തിന് അവസരമുണ്ടാകുന്നതാണ് നല്ലത്. പ്രത്യേക മേഖലകളിൽ പരിചയമുള്ള അത്മായക്കാർ മാനേജിംങ് കമ്മറ്റിയിൽ വരുവാൻ വേണ്ടി അത്തരം ആളുകളെ പ്രതിനിധികളായി തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കണം.

ആയുഷ്കാല പദവികളായി തുടർന്നു വന്ന ട്രസ്റ്റി പദവിക്ക് നിശ്ചിത കാലാവധി നിശ്ചയിച്ച ശേഷം വരുന്ന ആദ്യ തെരഞ്ഞെടുപ്പ് എന്ന നിലയിൽ ഈ തെരഞ്ഞെടുപ്പിൽ ആ നിശ്ചയത്തിന്റെ തത്വം പാലിക്കപ്പെടേണ്ടതാണ്. പദവിയിലിരുന്നവർ തുടർച്ചയായി തിരഞ്ഞെടുക്കപ്പെടേണ്ടത് അത്യാവശ്യമല്ലെന്നർത്ഥം. അവർക്ക് ഇത്തവണ വിട്ടുനിൽക്കുവാൻ അവസരം കൊടുക്കുകയാണ് വേണ്ടത്.

ഇതുപോലെ പരിഗണിക്കപ്പെടേണ്ട വിഷയമാണ് സഭാസ്ഥാനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതലക്കാരായി നിയമിക്കപ്പെടുന്നവരുടെ കാര്യം. പദവികൾക്കു കാലാവധി എന്ന നയം അവിടെയും നടപ്പാക്കണം. തുടർച്ചയായി ഈ സ്ഥാനങ്ങൾ ഒരേ ആളുകൾ വഹിക്കുന്ന സമ്പ്രദായം മാറേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിലും സ്ഥാനങ്ങളിലും ചുമതലക്കാരായി വൈദികർ തന്നെ ആകണമെന്നില്ല. അവയുടെ നടത്തിപ്പിനെപ്പറ്റിയൊന്നും സെമിനാരിയിൽ പരിശീലനം നല്കുന്നുമില്ല. ഏതെങ്കിലും സാഹചര്യത്തിൽ സ്ഥാനത്ത് എത്തിപ്പെടുന്നവർ ‘പരീക്ഷണവും അബദ്ധവും’ എന്ന സമ്പ്രദായത്തിൽ (trial and error method) പരിചയം ഉണ്ടാക്കുകയാണ്. അജപാലനരംഗത്ത് അഭിരുചിയില്ലാത്തവർ വൈദികരാകുകയും അവർ ഭരണരംഗത്തും മരാമത്തുരംഗത്തും മറ്റും പയറ്റിത്തെളിയുകയുമാണ്. സഭാനേതൃരംഗത്ത് കഴിവുള്ള അത്മായക്കാരുടെ പങ്കാളിത്തം അന്യം നിന്നുപോയതിനു കാരണം ‘എല്ലാ സ്ഥാനവും വൈദികർക്ക്’ എന്ന നയമാണ്. അർഹരായ വൈദിക അവൈദികരുടെ ഒരു രണ്ടാംനിര നേതൃത്വത്തെക്കുറിച്ചുപോലും ചുമതലക്കാർ ചിന്തിക്കുന്നതായി ബോദ്ധ്യമില്ല. വിവിധരംഗങ്ങളിൽ പ്രാവീണ്യമുള്ള Laymen ഉണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽ താരതമ്യേന ‘Lay people’ ആയ വൈദികർ ഒഴിഞ്ഞുനിൽക്കുന്നതുകൊണ്ട് ദോഷം വരാനില്ല എന്ന് ചുമതലപ്പെടുത്തുന്നവർക്ക് തീരുമാനിക്കാവുന്നതേയുള്ളൂ. അതുപോലെ ഒരാൾ ഒന്നിലധികം ചുമതലകൾ ഒരേസമയം വഹിച്ചുകൊണ്ടു നടക്കുന്നതും ആരോഗ്യകരമായ പ്രവർത്തനത്തിന് സഹായകമല്ല.

ചുരുക്കത്തിൽ സഭാശുശ്രൂഷയിൽ കുത്തക വരാതെ ശ്രദ്ധിക്കുന്നതാണ് പുരോഗതിക്കു നല്ലത്.

# അൻവർ അനാവശ്യം എഴുതിയാൽ...

*(നാലാം പേജിൽ നിന്നും)*

“പൊറുക്കാം മക്കളെ, എങ്ങനെ മറക്കും. നിങ്ങൾ ഇതിന്റെ ഫലം അനുഭവിക്കും.”

ഒരു വർഷത്തിനുള്ളിൽ ആ കല്പന അന്വർത്ഥമായി. പള്ളി പൂട്ടി. കേസ്സ് പാത്രിയർക്കീസ്സ് കല്പിച്ചതുപോലെ കോടതിയിലായി. കേസ്സുകൾ തുടരവേ ബ: കടിയന്തുരുത്തിലച്ചൻ ദിവംഗതനായി. പള്ളി അടിയന്തിര പൊതുയോഗം കൂടി സർവ്വവിധ ബഹുമാനത്തോടും പ. കാതോലിക്കാബാവായുടെയും മെത്രാപ്പോലീത്തന്മാരുടെയും സഹകരണത്തിൽ ശവസംസ്ക്കാരവും അടിയന്തിരവും പള്ളിച്ചെലവിൽ നടത്താൻ ഐകകണ്ഠേന തീരുമാനിച്ചു. ശുശ്രൂഷയുടെ രണ്ടു ഘട്ടം പള്ളിവികാരിയുടെ നേതൃത്വത്തിൽ നടത്തി. നിർഭാഗ്യം എന്നു പറയട്ടെ, ചില അന്ത്യോഖ്യൻ തീവ്രവാദികളുടെ തീവ്രത മൂലം അച്ചനെ തൃക്കോതമംഗലം കണ്ടത്തിൽപള്ളിയിൽ സംസ്ക്കരിച്ചു. ഇതിന്റെ ഉത്തരവാദിത്വം അന്ത്യോഖ്യാ വിശ്വാസികളുടെ അന്ധത മാത്രം.

‘പുതുപ്പള്ളിപള്ളിക്കും വിശ്വാസികൾക്കും ഹാ കഷ്ടം’ എന്ന ഭാഷ്യവും വായിച്ചു. സഹോദരാ, നസ്രായന്റെ വഴി പിൻപറ്റുന്ന നസ്രാണിക്ക് എന്നും കഷ്ടവും, നഷ്ടവും, ദുഃഖവുമാണ്. എന്നിരുന്നാലും വന്ദ്യ. പാറയ്ക്കലച്ചന്റെ പ്രവചനം പോലെ ഈ ശീശ്മയെ പാലത്തിന് അക്കരെ ആക്കിയ സഹദായുടെ ശക്തിയെ പരീക്ഷിക്കരുത്. ഇഷ്ടികക്കളം പാത്രിയർക്കാ സെന്ററാക്കി വി. സഹദായിക്കിട്ട് ഒളിയമ്പ് എയ്തവരോട് കാട്ടിയ ശിക്ഷ, ശേഷിക്കുന്ന വിമതന്മാരും, വിവരദോഷികളുമായ ഞങ്ങളുടെ സഹോദരന്മാരുടെ മേലും, അവരെ ഒളിഞ്ഞും തെളിഞ്ഞും സഹായിക്കുന്ന പ്രമുഖരുടെമേലും ഉണ്ടാവാതിരിക്കാൻ പ്രാർത്ഥിക്കാം. കോൺക്രീറ്റ്സൗധത്തിന് വി. ഗീവർഗ്ഗീസ് സഹദായുടെ ആവാസകേന്ദ്രമായ പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രത്തെ മറയ്ക്കാനും മുടിക്കാനും പറ്റില്ല. എന്തായാലും മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തെ തള്ളിപ്പറഞ്ഞ് മുടിയൻപുത്രന്മാരായി വീതം ചോദിച്ച് സഭയെ പീഡിപ്പിക്കുന്നവരുടെ തിരിച്ചുവരവ് അനതിവിദൂരമല്ല.

# തോമസ് പ്രഥമൻ ബാവായുടെ പ്രസ്താവനകൾ അപലപനീയം

കോട്ടയം: തൃക്കുന്നത്തു സെമിനാരി കൈയേറും എന്ന *പുത്തൻകുരിശ് ശ്രേഷ്ഠ ബാവാ*യുടെ പ്രസ്താവനകൾ ക്രൈസ്തവ മേലദ്ധ്യക്ഷനു ചേർന്നതല്ല. മലങ്കരസഭയുടെ പൊതുപ്രയോജനത്തിനായി ആലുവാ തൃക്കുന്നത്തു സെമിനാരി പണിയിക്കുകയും മലങ്കരസഭയുടെ ഭാവിയെ മുന്നിൽകണ്ടുകൊണ്ട് രണ്ടാം കാതോലിക്കായായും, മൂന്നാം കാതോലിക്കായായും നാലാം കാതോലിക്കായായും കണ്ടെത്തുകയും അവരെ പൗരോഹിത്യത്തിന്റെ ആദ്യ പടികളിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്ത കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയുടെയും മറ്റു പൂർവ്വ പിതാക്കളുടെയും പൈതൃകം 2002 – ൽ സഭവിട്ട തോമസ് പ്രഥമൻ അവകാശപ്പെടുന്നത് അത്ഭുതം തന്നെ. തോമസ് പ്രഥമൻ ചൂണ്ടിക്കാട്ടുന്ന കടവിൽ തിരുമേനിയുടെ വിൽപത്രപ്രകാരം ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ ഉടമസ്ഥത, കടവിൽ തിരുമേനിയുടെ സന്തതസഹചാരിയും ശിഷ്യനും, സെമിനാരി പണി കഴിപ്പിച്ച വ്യക്തിയുമായ കാരുചിറ ഗീവർഗീസ് റമ്പാനാണ് (പിന്നീട് രണ്ടാം കാതോലിക്കായായ ബസേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ) എന്ന വസ്തുത വിൽപത്രം വായിച്ചിട്ട് തോമസ് പ്രഥമന് മനസ്സിലായില്ല എന്നതിൽ അൽമായവേദി അത്ഭുതപ്പെടുന്നു.

നിയമവ്യവസ്ഥയെ വെല്ലുവിളിക്കുന്ന തോമസ് പ്രഥമന്റെ ഇത്തരം നടപടികൾ കേരളത്തിൽ ഭരണമാറ്റം നടന്നത് അദ്ദേഹം അറിയാതെ പോയതുകൊണ്ടാവാമെന്ന് ഞങ്ങൾ കരുതുന്നു. യു. ഡി. എഫിനെ ഭയപ്പെടുത്തി കാര്യം സാധിച്ചതുപോലെയും കാറു കത്തിച്ച് തെരുവിലേക്ക് മലങ്കരസഭാ പ്രശ്നം വലിച്ചിഴച്ചതുപോലെയുമുള്ള തന്ത്രങ്ങൾ പുതിയ ഭരണത്തിൽ നടക്കുമോ എന്നറിയാനുള്ള ഈ പരീക്ഷണം, കഴിഞ്ഞ തവണ തല്ലു കിട്ടി ഇപ്പോഴും കേസും കോടതിയും നിരങ്ങുന്ന സ്വന്തം അനുയായികൾ പോലും കൂട്ടിനുണ്ടാവില്ല എന്ന സത്യം സ്വയം തിരിച്ചറിയാൻ തോമസ് പ്രഥമനെ സഹായിക്കട്ടെ എന്ന് അൽമായവേദി ആശംസിച്ചു.

# പക്ഷം പിടിക്കാം; പക്ഷേ അവാസ്തവം പ്രചരിപ്പിക്കരുത്

**ഫാ. ഡോ. ഒ. തോമസ്**

വസ്തുതകളെ സത്യസന്ധമായി അവതരിപ്പിക്കുന്ന ഒരു പ്രസിദ്ധീകരണമെന്നാണ് “അത്മായവേദിയെ”ക്കുറിച്ചുള്ള എന്റെ ധാരണ. എന്നാൽ തികച്ചും അവാസ്തവമായി തെറ്റിദ്ധാരണാജനകമായ ഒരു വാർത്ത അതിൽ എന്നെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ നൽകിയത് ശരിയായില്ല. ബ. ജോൺസ് ഏബ്രഹാം അച്ചനും ഞാനും തമ്മിൽ ധാരണയുണ്ടാക്കാൻ ശ്രമിച്ച ഒരാളെയെങ്കിലും ചൂണ്ടിക്കാട്ടാനാവുമോ? 2004–ലെ തിരഞ്ഞെടുപ്പിൽ ബ. ജോൺസ് ഏബ്രഹാം അച്ചൻ എന്നെ ഫോണിൽ വിളിച്ചു (ഞാൻ ഈ കാര്യത്തിനായി അദ്ദേഹത്തെ വിളിച്ചിട്ടില്ല). “ഈ പ്രാവശ്യം ഞാൻ മത്സരത്തിൽ നിന്നു മാറുകയാണ്. അടുത്ത പ്രാവശ്യം അച്ചൻ എനിക്കുവേണ്ടി മാറിത്തരണം” എന്ന് എന്നോട് അദ്ദേഹം പറഞ്ഞത് എങ്ങനെ പരസ്പരധാരണയാകും? അന്നേരം ‘ആലോചിക്കാം’ എന്ന മറുപടിയേ ഞാൻ നൽകിയുള്ളൂ. തന്നെയുമല്ല അദ്ദേഹം മാറിയതുകൊണ്ട് ഞാൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയുമല്ലായിരുന്നല്ലോ. മറ്റ് ആറു പേർ കൂടി മത്സരരംഗത്തുണ്ടായിരുന്നു. മത്സരത്തിൽ ആരുടെയെങ്കിലും പക്ഷം പിടിക്കുന്നതിൽ തെറ്റില്ല. എന്നാൽ അവാസ്തവം പ്രചരിപ്പിക്കുവാൻ ഒരു ക്രിസ്തീയ പ്രസിദ്ധീകരണമെന്ന നിലയിൽ അത്മായവേദി ശ്രമിക്കരുതെന്ന് ഒരപേക്ഷയുണ്ട്.

**ലേഖകന്റെ വിശദീകരണം:** ഫാ. ഒ. തോമസും ഫാ. ജോൺസ് ഏബ്രഹാം കോനാട്ടും വൈദികസെമിനാരി അദ്ധ്യാപകരാണ് എന്നതിനാൽ ഒരാളെ പിന്മാറ്റാൻ കഴിഞ്ഞതവണ ശ്രമം നടന്നു. അത് വിജയിച്ചു. ഇത്തവണ ഒരാളെ പിന്മാറ്റാൻ ഔദ്യോഗികമായിത്തന്നെ മൂന്നംഗ കമ്മിറ്റിയെ സെമിനാരി ഫാക്കൽറ്റി നിയോഗിച്ചതായാണ് അറിയുന്നത്. കഴിഞ്ഞ തവണ പ്രശ്നത്തിൽ ഇടപെട്ട വൈദികരിൽ നിന്നും നേരിട്ടുകിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് വാർത്ത എഴുതിയത്.

# മലങ്കര വർഗീസിന്റെ ഘാതകരെ കണ്ടെത്തണം: ഔഗേൻ മാർ ദീവന്നാസ്യോസ്

എറണാകുളം: മലങ്കരസഭയിലെ കക്ഷിവഴക്കുകൾക്കിടയിൽ കൊല ചെയ്യപ്പെട്ട മലങ്കര വർഗീസിന്റെ ഘാതകരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഉത്സാഹിച്ചു പ്രവർത്തിക്കണമെന്ന് ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പാലാരിവട്ടം പള്ളി ഹാളിൽ സംഘടിപ്പിച്ച മലങ്കര വർഗീസ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായി രുന്നു അദ്ദേഹം. സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹമില്ലാതെ സഭയ്ക്ക് ത്യാഗപൂ ർണ്ണമായ സേവനങ്ങൾ അനുഷ്ഠിച്ച മലങ്കര വർഗീസ് മഹാനായ മനുഷ്യസ്നേഹിയായി രുന്നു എന്ന് മെത്രാപ്പോലീത്താ പറഞ്ഞു.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത് അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് മുഖ്യപ്രഭാഷണം നടത്തി. സഭാ വർക്കിംഗ് കമ്മറ്റിയംഗം ജോൺ സഖറിയാ, മാനേജിംഗ് കമ്മറ്റിയംഗം എം. എം. സഖറിയാ, സെക്രട്ടറി തോമസ് ചാണ്ടി എന്നിവർ പ്രസംഗിച്ചു.

# അത്മായ ട്രസ്റ്റി സ്ഥാനാർത്ഥികളെ പിൻമാറ്റാൻ ശ്രമം

പ്രശസ്തമായ മുത്തൂറ്റ് ഫൈനാൻസിയേഴ്സിന്റെ ഉടമകളായ ജോയിയും റോയിയും തമ്മിൽ മത്സരം ഉണ്ടാകാതിരിക്കാനും ജോയിയുടെ വിജയത്തിനുവേണ്ടി വിദ്യാസമ്പന്നനും, പ്രമുഖ പത്രപ്രവർത്തകനും, രാഷ്ട്രീയ സംസ്ക്കാരിക മേഖലയിൽ അറിയപ്പെടുന്ന സാധാരണക്കാരുടെ പ്രതീകമായ ജോർജ് വർഗ്ഗീസിനെ പിന്മാറ്റാനും മുത്തൂറ്റ് ഫൈനാൻസിയേഴ്സിന്റെ സന്തതസഹചാരികളായ ചില സഭാമേലദ്ധ്യക്ഷന്മാരും വൈദീകപ്രമുഖരും ഇടപെട്ട് ആദ്യതവണ ജോയിക്ക് വരുംതവണ റോയിക്ക് എന്ന ധാരണ ഉണ്ടാക്കിയതായി പറയപ്പെടുന്നു. എന്നിരുന്നാലും ഇന്ന് സഭയ്ക്ക് അനുയോജ്യനായ സ്ഥാനാർത്ഥി ജോർജ്ജ് വർഗ്ഗീസ് തന്നെ എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്.

കഴിഞ്ഞതവണ ഒരേ സ്ഥാപനത്തിലെ രണ്ടു വൈദികർ വൈദികട്രസ്റ്റി സ്ഥാനത്തേക്കു വന്നപ്പോൾ അതേ സ്ഥാപനത്തിലെ പ്രമുഖർ ഇടപെട്ട് ഒരാളെ ഒഴിവാക്കി. പക്ഷേ ഈ തവണ അവർ ഇരുവരും മുഖാമുഖം മത്സരരംഗത്തുണ്ടെന്ന് പറയപ്പെടുന്നു. എന്തായാലും വടക്കുനിന്ന് വൈദികട്രസ്റ്റിയും, തെക്കുനിന്ന് സമ്പന്നൻ എന്നതിലുപരി കഴിവുള്ള ഒരാളെ അത്മായട്രസ്റ്റിയുമായി കണ്ടെത്തുക എന്നതാണ് ജനഹിതം.

# മാത്യൂസ് ദ്വിതീയൻ ബാവായെ അപമാനിച്ചു

**മത്തായി ജോൺ, കൊട്ടാരക്കര**

അങ്കമാലി ഭദ്രാസനത്തിൽ നിന്നും മാർ മിലിത്തോസ് തിരുമേനിയെ പിരിച്ചുവിടുന്ന വാർത്ത ഞെട്ടലോടെയാണ് വായിച്ചത്. അദ്ദേഹത്തിനെ എനിക്കു യാതൊരു പരിചയവുമില്ല. പക്ഷേ അദ്ദേഹത്തെ പുറത്താക്കിയപ്പോൾ കാലം ചെയ്ത പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ നെഞ്ചത്താണ് ആണിയടിച്ചത്. അതാണ് ഞാൻ ഞെട്ടിയത്.

1995–ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് യാഥാർത്ഥ്യം മനസിലാക്കി സത്യസഭയിലേയ്ക്കു മടങ്ങിവന്ന വന്ദ്യമേല്പട്ടക്കാരെ ഒരു പിതാവിനെപ്പോലെ രണ്ടു കൈയ്യും നീട്ടി സ്വീകരിച്ചത് പ. ബാവാതിരുമേനിയാണ്. സഭാഭരണത്തിലിരിക്കുന്നവരുടെ അറിവോടും സമ്മതത്തോടും കൂടിയാണ് അവരെ സ്വീകരിച്ചത്. അവരിൽ ഒരാളൊഴികെയുള്ളവർ പ. സഭയോട് വിശ്വസ്തത ഇന്നും പുലർത്തുന്നുണ്ട്. അക്കാര്യത്തിൽ പ. ബാവായ്ക്ക് മനസമാധാനമുണ്ട്.

പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ ആവേശം ഉൾകൊണ്ടാണ് പ. ദിദിമോസ് പ്രഥമൻ ബാവാ, മാർ മിലിത്തോസ് തിരുമേനിയെ അങ്കമാലിയുടെ സഹായമെത്രാനാക്കി നിയമിച്ചത്. തോമസ് പ്രഥമന്റെ കുതന്ത്രങ്ങൾക്ക് ഏറ്റവും വലിയ ഇരയായ അങ്കമാലിയിൽ അതേ അടവുകൾ പയറ്റിത്തെളിഞ്ഞ ഒരാളുടെ സാന്നിധ്യം ചെറുത്തുനിൽപ്പിനു സഹായകരമെന്നു പ. ദിദിമോസ് ബാവാ ചിന്തിച്ചിരിക്കും. അത് ഏറെക്കുറെ വിജയകരമായിരുന്നു എന്നാണ് മനസിലാക്കുന്നത്.

എന്നാൽ ഇപ്പോൾ എല്ലാം തകിടം മറിഞ്ഞിരിക്കുകയാണ്. മിലിത്തോസ് തിരുമേനിയെ നീക്കി എന്നതല്ല പ്രശ്നം. അതിനുള്ള അധികാരം പ. ബാവായ്ക്കുണ്ട്. എന്തിനുവേണ്ടി, ആർക്കുവേണ്ടി നീക്കി എന്നതാണ് പ്രശ്നം.

ഭാഗ്യസ്മരണാർഹനായ പ. മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് സുബോധമില്ലെന്ന് ടെലിവിഷനിൽക്കൂടി പരസ്യപ്രസ്താവന നടത്തുകയും സഭയുടെ ലക്ഷക്കണക്കിന് (അല്ല കോടിക്കണക്കിന്) രൂപാ അടിച്ചുമാറ്റുകയും ചെയ്ത മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പായ്ക്കു വേണ്ടി മാർ മിലിത്തോസിനെ നീക്കംചെയ്തത് ലജ്ജാകരമായ ഒരു സംഭവമാണ്. മണ്ണാറപ്രായിലച്ചനും തോമസ് പ്രഥമനുമായി രഹസ്യബന്ധമുണ്ടെന്നത് അങ്ങാടിപ്പാട്ടാണ്. അപ്രകാരം ഒരാൾക്കു വേണ്ടി സഭയെ ബലി കഴിച്ചു.

2005–ൽ തൃക്കുന്നത്തു സെമിനാരി പിടിച്ചടക്കാൻ തോമസ് പ്രഥമൻ അവസാനശ്രമം നടത്തിയപ്പോൾ ഈ കോറിയടക്കമുള്ളവർ അതിന് ഒത്താശ ചെയ്തുകൊടുത്തു. അന്ന് ധൈര്യപൂർവ്വം അവിടെ കടന്നുചെന്ന് ആ പുണ്യസങ്കേതം നഷ്ടപ്പെടാതെ നിലനിർത്തുവാൻ വയോവൃദ്ധനായ പ. മാത്യൂസ് ദ്വിതീയൻ ബാവാ തയാറായി. അന്ന് അദ്ദേഹത്തോടൊപ്പം അവിടെ പോകാൻ ഇപ്പോഴത്തെ പ. ബാവാ മാത്രമാണ് തയാറായത്. അങ്കമാലിയിലെ ഭരണമാറ്റത്തിനായി മണ്ണാറപ്രായിലച്ചനു വേണ്ടി കഴിഞ്ഞ സുന്നഹദോസിൽ ഘോരഘോരം വാദിച്ച മെത്രാന്മാരും അങ്ങോട്ടു തിരിഞ്ഞു നോക്കിയില്ല. എന്നു മാത്രമല്ല പ. ബാവായുടെ ജീവൻ അപകടത്തിലായ സമയത്തും പലരും ഗംഭീരമായ ജന്മദിനാഘോഷം നടത്തുകയായിരുന്നു.

പ. മാത്യൂസ് ദ്വിതീയൻ ബാവായെ സുബോധമില്ലാത്തവൻ എന്നു വിളിച്ച മണ്ണാറപ്രായിലച്ചനെ സഹായിക്കാൻ മിലിത്തോസ് തിരുമേനിയെ കെട്ടുകെട്ടിച്ചവരോട് ആ പരിശുദ്ധ പിതാവിന്റെ ആത്മാവ് പൊറുക്കില്ല. മെത്രാപ്പോലീത്താമാരായാലും വൈദികട്രസ്റ്റിയായാലും അവർ ആ കണ്ണുനീരിനു കണക്കു ബോധിപ്പിക്കേണ്ടി വരും.

## അനധികൃത ഉത്തരവ് പിൻവലിച്ചു

പുതുപ്പള്ളിപള്ളിയുടെ സെമിത്തേരി പൊളിച്ചുമാറ്റാനുള്ള പുതുപ്പള്ളി പഞ്ചായത്തിന്റെ അനധികൃത ഉത്തരവ്, പഞ്ചായത്ത്‌രാജ് നിയമവും ചട്ടങ്ങളും ഉദ്ധരിച്ച് തെറ്റാണെന്ന് സ്ഥാപിച്ച് അത്മായ വേദി ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചതോടെ, പഞ്ചായത്ത് ഉത്തരവ് പുനഃപരിശോധിച്ച് പിൻവലിച്ചു.

എന്നാൽ പുതുപ്പള്ളിപള്ളിക്ക് ബദലായി കൊടുരാറിന്റെ കരയിൽ ഇരവിനല്ലൂർകരയിൽ പുതുപ്പള്ളിപള്ളി എന്ന പേരിൽ ബൈപ്പാസ് റോഡിന്റെ പുറമ്പോക്കിൽ പണിയുന്ന ഇരവിനല്ലൂർപള്ളിയുടെ നിയമലംഘനം ഭരണസമിതി കണ്ടതായി നടിക്കുന്നില്ല.

## ഫാ. വർഗീസ് വർഗീസ് അവധിയിൽ

കോട്ടയം: കഴിഞ്ഞ ഒരു വർഷമായി സഭയുടെ മാധ്യമസെല്ലിന്റെ ചുമതല വഹിച്ചിരുന്ന ഫാ. വർഗീസ് വർഗീസ് ദീർഘകാല അവധിയിൽ പ്രവേശിച്ചു. വ്യക്തിപരമായ അസൗകര്യമാണ് അവധിക്കു കാരണമായി പറയുന്നതെങ്കിലും മറ്റു ചില സംഭവങ്ങളും ഇതിനു പിന്നിൽ ഉള്ളതായി പറയപ്പെടുന്നു.

മാധ്യമസെൽ രൂപീകരിച്ചിട്ട് ഒരു വർഷത്തോളമായെങ്കിലും ഫലപ്രദമായ പ്രവർത്തനം കാഴ്ചവെയ്ക്കാൻ കഴിഞ്ഞില്ല. ഒരു വർഷത്തിനിടെ സെല്ലിന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുകയോ അംഗങ്ങളെ വിശ്വാസത്തിലെടുക്കുകയോ ചെയ്തില്ല എന്നും ആരോപണമുണ്ട്. നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പുപോലെയുള്ള സുപ്രധാനസമയങ്ങളിൽ മാധ്യമസെല്ലിന്റെ ചുമതലക്കാരായി അറിയപ്പെട്ടിരുന്ന ഫാ. വർഗീസ് വർഗീസും ഫാ. മോഹൻ ജോസഫും അപ്രത്യക്ഷരായതുമൂലം വാർത്ത നൽകുന്നതിൽ തടസ്സം നേരിട്ട വിവരം അൽമായവേദി നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു.

സമീപകാലത്ത് വൈദിക പുനർവിവാഹത്തെപ്പറ്റി തെറ്റിദ്ധാരണ ഉളവാക്കുംവിധം വാർത്ത വന്നതിൽ പല മെത്രാപ്പോലീത്താമാരും കടുത്ത അതൃപ്തി പ്രകടിപ്പിച്ചിരുന്നു. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെപ്പറ്റിയുള്ള ഔദ്യോഗിക പത്രക്കുറിപ്പിനെ അവലംബിച്ചാണ് വാർത്ത വന്നതെന്ന് തെളിഞ്ഞതോടെ മാധ്യമസെൽ പ്രതിക്കൂട്ടിലായി. കൂടാതെ കുറച്ചു കാലമായി സഭയുടെ നയരൂപീകരണത്തിൽ ഫാ. വർഗീസ് വർഗീസ് അനാവശ്യമായി നിരന്തരം കൈ കടത്തിയതായി ആരോപണമുണ്ട്. അത്യുന്നത സമിതിയായ വർക്കിംഗ് കമ്മറ്റിയിൽ പ്രവേശിച്ച് ചർച്ചകളിലിടപ്പെട്ടതിൽ മിതവാദികളായ വർക്കിംഗ് കമ്മറ്റിയംഗങ്ങൾ പോലും എതിർപ്പു പ്രകടിപ്പിച്ചിരുന്നു.

പ. കാതോലിക്കാ ബാവായുടെ അമേരിക്കൻ പര്യടനത്തെപ്പറ്റിയും ചില മെത്രാപ്പോലീത്താമാരെപ്പറ്റിയും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചതും തിരിച്ചടിയായതായി വിലയിരുത്തപ്പെടുന്നു.

ഇതിനിടെ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറിയായ ഫാ. വർഗീസ് വർഗീസ് സമീപകാലത്തു നടന്ന വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കൃത്രിമം കാട്ടിയതായി കോട്ടയം, നിരണം ഭദ്രാസനങ്ങളിലെ കേന്ദ്ര കമ്മറ്റിയംഗങ്ങൾ തിരഞ്ഞെടുപ്പുയോഗത്തിൽത്തന്നെ പരസ്യമായി ആരോപണം ഉന്നയിച്ചിരുന്നു.

ഈ കാരണങ്ങളെല്ലാം ഇപ്പോഴത്തെ ദീർഘകാല അവധിക്കു പിന്നിലുണ്ടെന്നാണ് വിലയിരുത്തൽ. ഫാ. മോഹൻ ജോസഫിനു താൽക്കാലിക ചുമതല നൽകിയതായാണ് അറിയുന്നത്.

## റമ്പാൻ സ്ഥാനം നൽകി

മുളന്തുരുത്തി: ഫാ. പി. എസ്. യോഹന്നാൻ (വെട്ടിക്കൽ ദയറാ), ഫാ. റ്റി. എം. ശമുവേൽ (സ്ലീബാദാസ സമൂഹം), ഫാ. റ്റി. കെ. മാത്യു (മാർ ഗ്രീഗോറിയോസ് ആശ്രമം, മുളന്തുരുത്തി), ഫാ. ഐ. സി. പത്രോസ്, ഫാ. തോമസ് പോൾ മാറാച്ചേരി (ഇരുവരും അങ്കമാലി ഭദ്രാസനം) എന്നിവർക്ക് റമ്പാൻ സ്ഥാനം നൽകി.

## അഖണ്ഡ പ്രാർത്ഥന സമാപിച്ചു

അമയന്നൂർ: പ. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷി ദിനങ്ങളായ ഡിസംബർ 18 മുതൽ 21 വരെ വടക്കൻമണ്ണൂർ പള്ളിയിൽ നടന്നുവരുന്ന അഖണ്ഡപ്രാർത്ഥന ഈ വർഷവും ഭംഗിയായി സമാപിച്ചു. ഡിസംബർ 18 ന് രാവിലെ വി. കുർബാനയോടെ ആരംഭിക്കുന്ന അഖണ്ഡ പ്രാർത്ഥന 21 ന് രാവിലെ വി. കുർബാന, പ്രദക്ഷിണം, നേർച്ചവിളമ്പ് എന്നിവയോടെയാണ് സമാപിച്ചത്. എല്ലാ ദിവസവും വി. കുർബാന, യാമപ്രാർത്ഥന, ധ്യാനം, പഠന ക്ലാസുകൾ, വചനഘോഷണം, രാത്രിജാഗരണം എന്നിവ ഉണ്ടായിരുന്നു. പങ്കെടുക്കുന്ന മുഴുവൻ ആളുകൾക്കും പള്ളിയിൽനിന്നും ഭക്ഷണവും നൽകുന്നുണ്ട്.

1984 മുതലാണ് വടക്കൻമണ്ണൂർ പള്ളിയിൽ അഖണ്ഡ പ്രാർത്ഥന ആരംഭിച്ചത്. ആദ്യവർഷങ്ങളിൽ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ മുഴുവൻ സമയവും പള്ളിയിൽ താമസിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയിരുന്നു. മലങ്കരസഭയിൽ പ. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വദിനങ്ങൾ മുഴുവൻസമയ ജാഗരണമായി ആചരിക്കുന്ന ഏക ദേവാലയമാണ് വടക്കൻമണ്ണൂർ പള്ളി. ഡിസംബർ 31, ജനുവരി 1 തീയതികളിൽ നടക്കുന്ന ഇടവകയുടെ വലിയ പെരുന്നാളിന്റെ ഒരുക്കവും കൂടിയാണ് ഈ അഖണ്ഡ പ്രാർത്ഥന. നൂറുകണക്കിനാളുകൾ സംബന്ധിച്ച ഈ അഖണ്ഡ പ്രാർത്ഥനയ്ക്ക് വികാരി ഫാ. കുറിയാക്കോസ് മാണി, കൈക്കാരൻ ജോർജ് കുര്യൻ കൊട്ടാടിയിൽ എന്നിവർ നേതൃത്വം നൽകി.

## റമ്പാന്മാർക്ക് സ്വീകരണം

വളയൻചിറങ്ങര: അങ്കമാലി ഭദ്രാസനത്തിലെ നവാഭിഷിക്തരായ പത്രോസ് റമ്പാൻ, തോമസ് റമ്പാൻ എന്നിവർക്ക് ജനുവരി 7 ന് വളയൻചിറങ്ങര പള്ളിയിൽ സ്വീകരണം നൽകി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ വഹിച്ചു.

## പാത്രിയർക്കീസ് ഫെബ്രുവരിയിൽ കേരളത്തിലെത്തും

കൊച്ചി: അന്ത്യോഖ്യൻ സുറിയാനി സഭയുടെ സഖാ പ്രഥമൻ പാത്രിയർക്കീസ് ഫെബ്രുവരിയിൽ കേരളത്തിലെത്തും. മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസിന്റെ ചരമജൂബിലിയോടനുബന്ധിച്ചാണ് അദ്ദേഹം കേരളത്തിലെത്തുന്നതെന്നാണ് ഔദ്യോഗിക ഭാഷ്യം. ഇതിന് മുമ്പ് രണ്ടു തവണ പാത്രിയർക്കീസ് കേരളത്തിലെത്തിയിരുന്നു. കഴിഞ്ഞതവണ ആയുർവേദ ചികിത്സയ്ക്കായി വിസ ലഭിച്ച പാത്രിയർക്കീസ് വിസാ ചട്ടം ലംഘിച്ച് മലങ്കരസഭാ കാര്യങ്ങളിൽ ഉൾപ്പെടുകയും പള്ളികളിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ഇപ്പോഴത്തെ സന്ദർശനത്തിൽ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുമെന്ന് അധികാരികൾക്ക് ഭയമുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു.

### ഓഫ് സൈഡ് - ഓഫ് സൈഡ്

## ചോറങ്ങും...

യു. ഡി. എഫുകാർ സൂപ്പർഹൈവേ എന്നും എൽ. ഡി. എഫുകാർ തെക്കുവടക്കു പാതയെന്നും പേരിട്ടുവിളിക്കുന്ന മഹാവഴി വന്നാൽ കാസർകോഡു നിന്നും തിരുവനന്തപുരത്തെത്താൻ അഞ്ചു മണിക്കൂർ മതിയത്രെ. പക്ഷേ പാത ഇപ്പോഴും കടലാസിൽ മാത്രമായതിനാൽ കുന്നംകുളത്തു നിന്നും കോട്ടയത്തെത്താൻ കുറഞ്ഞതു മൂന്നര മണിക്കൂറു വേണമെന്ന് അനുഭവജ്ഞർ.

എന്നാൽ കുന്നംകുളത്തുള്ള സഭ വക കോളജിലെ പ്രിൻസിപ്പാൾ യാത്രയിൽ പ്രകാശവേഗം കടന്നിരിക്കുകയാണത്രെ. നിയമപ്രകാരം തിങ്കൾ മുതൽ ശനി വരെ രാവിലെ ഒമ്പതു മുതൽ വൈകിട്ട് അഞ്ചു വരെ കോളജിൽ കാണേണ്ട ടിയാൻ എന്നും വൈകിട്ട് ആറര മണിയ്ക്ക് ദേവലോകത്ത് ഹാജർ. അഞ്ചു മണിക്ക് പഴഞ്ഞിയിലെ കോളജിൽ നിന്നിറങ്ങി ആറരയ്ക്കു ദേവലോകത്തെത്താനുള്ള വഴി കുന്നംകുളംകാരനായ എളേബാവായ്ക്കും ഇതുവരെ പിടികിട്ടിയില്ല. ടിയാൻ സൗകര്യാർത്ഥം ഇപ്പോൾ കോട്ടയത്തെ കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തിന് ഇടിയ്ക്കുകയാണത്രേ.

**വാൽക്കഷണം:** കോളജിൽ പോയാലല്ലേ തിരിച്ചുവരേണ്ടതുള്ളൂ. പിന്നയല്ലേ ദൂരോം സമയോം.

# അച്ചനും കൊച്ചനും (ഭാഗം 12)

### മാത്തുക്കുട്ടിച്ചായൻ

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ പാത്രിയർക്കീസു ബാവാ വീണ്ടും വരുന്നുണ്ടല്ലോ?

അച്ചൻ: എൽ. ഡി. എഫ്. ഗവൺമെന്റ് വന്നശേഷം നമ്മുടെ സഭാ പ്രശ്നത്തിന് ഒരു ഉശിരില്ല. പത്രക്കാരും, രാഷ്ട്രീയക്കാരും ഒരു വിധം ബുദ്ധിമുട്ടിലായിരിക്കുന്നു.

കൊച്ചൻ: ബാവാ വന്ന് കുറച്ച് മൂറോനും കാച്ചി കുറച്ച് പള്ളികളിൽ ഇടിച്ചുകയറി കുറെ കമാണ്ടറന്മാരെയും ഷവലിയറന്മാരെയും സൃഷ്ടിച്ച് സഭയിലെ രാഷ്ട്രീയ, മാധ്യമ പ്രമാണിമാർക്ക് ഷയിൻ ചെയ്യാൻ ഒരു വേദിയും ഉണ്ടാകുമല്ലോ. നമുക്ക് കുറച്ച് ആവേശവും ബാവായ്ക്ക് ആവശ്യത്തിനു പണവും ആകും. എനിക്കും ഒരു കമാണ്ടറാകണം.

അച്ചൻ: എവിടെ നിന്നെങ്കിലും കുറച്ച് പുത്തനുണ്ടാക്കി കുറച്ച് നമ്മുടെ പുത്തൻകുരിശ് ബാവായ്ക്കും ബാക്കി ചില്ലറ, വരുന്ന ബാവായ്ക്കും കൊടുത്ത് കമാണ്ടറാകാം. പത്രങ്ങളിൽ നല്ല വാർത്തയും ആക്കും. വരുന്ന തെരഞ്ഞെടുപ്പിൽ നമ്മുടെ വടക്കൻ പ്രദേശത്തെ യു. ഡി. എഫ്. സ്ഥാനാർത്ഥിയും ആകാം. എനിക്കും ഒരു മെത്രാനാകണം.

കൊച്ചൻ: എന്തിനാ അച്ചാ ഇപ്പോഴേ. നമ്മുടെ കൂടെയുള്ള പെണ്ണുകെട്ടാത്ത ചെറുപ്പക്കാരെയെല്ലാം മെത്രാന്മാരാക്കി. മെത്രാന്മാരെ കൂട്ടിയിടിച്ചിട്ട് വഴിനടക്കാൻ പാടില്ല. എന്തായാലും പുത്തൻകുരിശിലേക്ക് കുറച്ചു പുത്തനുമായി പോയി നോക്ക്.

അച്ചൻ: നീ അങ്ങനെ കളിയാക്കണ്ട. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേരിൽ സിറിയായിൽ അഞ്ച് പാത്രിയർക്കീസ് ഉണ്ട്. നമ്മുടെ സഖാ ബാവാ ആൾ ബലത്തിൽ അഞ്ചാം സ്ഥാനിയാ. ഇപ്പോ ഇവിടെ ഈ കൊച്ചു കേരളത്തിൽ റീത്തുകാരുടെ ഡ്യൂപ്ലിക്കേറ്റ് ഉൾപ്പെടെ നാല് കാതോലിക്കാ ഉണ്ട്.

കൊച്ചൻ: നമ്മുടെ പാത്രീയർക്കീസു ബാവാ പണ്ട് പാലക്കുന്നത്തു മാത്യൂസ് അത്താനാസിയോസിനെ വാഴിച്ചല്ലേ ഇവിടെ നമ്മുടെ സഭയിൽ കയറിപറ്റിയത്. ചിലപ്പോ ഈ വരവിന് മഞ്ഞനിക്കര പോകും വഴി തിരുവല്ലായിലെ യോഹന്നാൻ തിരുമേനിയേക്കൂടി ഒരു കാതോലിക്കാ ആക്കിയാൽ നമുക്കും അഞ്ചു കാതോലിക്കാ ആവും. പാത്രിക്കീസന്മാരും, കാതോലിക്കാമാരും എണ്ണത്തിൽ ഒപ്പവും.

അച്ചൻ: അന്ന് നവീകരണ മെത്രാനെ വാഴിച്ചതുകൊണ്ട് ബാവായ്ക്ക് ഇവിടെ കാലുകുത്താൻ പറ്റി. അതിന്റെ നന്ദിയായിട്ട് ഈ പ്രാവശ്യം മാരാമണ്ണിലെ കൺവെൻഷനിലും ബാവാ പോകും. മാർത്തോമ്മാക്കാരെയും കൂടി ആകമാനസഭയിലാക്കിയിരുന്നു എങ്കിൽ!

കൊച്ചൻ: നമ്മുടെ പുത്തൻകുരിശു ബാവാ എന്തിനാ ഇത്രേം മെത്രാന്മാരെ എന്നും വാഴിക്കുന്നത്?

അച്ചൻ: എടാ ഇനി എന്തു പറഞ്ഞാ സുപ്രീംകോടതിയിലെ കേസ്സ് നിലനിർത്തുക. ഒരു തവണ കൂടി മാറ്റി വയ്ക്കാം. പിന്നെ പുതിയ മലങ്കര അസ്സോസിയേഷൻ വരും. നമ്മെ സഹായിക്കുന്ന അച്ചായന്മാർ പുറത്താകും. കേസ്സു തീരും. 1958 ആവർത്തിക്കും. 95-ലെ പണി നടക്കാതെ വന്നാൽ യോജിപ്പിലെത്തും. പഴയ പള്ളികളും സ്ഥാപനങ്ങളും ദിദിമോസ്സ് ബാവാ കൊണ്ടുപോകും. 58 പ്രയോഗിച്ച് അകത്തു കയറിയാൽ അവരുടെ വൃദ്ധന്മാരും, രോഗികളും, വിദേശപ്രിയന്മാരും, ബിസ്സിനസ്സുകാരുമായ മെത്രാന്മാർ അടങ്ങി ഇരുന്നോളും. സഭാസ്നേഹമുള്ള നമ്മുടെ കൊച്ചു മെത്രാന്മാർ സഭ ഭരിക്കും.

കൊച്ചൻ: നമ്മൾ കാശുമുടക്കി വർഗ്ഗീസിനെ കൊന്നിട്ട് അനങ്ങാത്ത ഭരണക്കാരായിരുന്നു അവരുടേത്. നമ്മള് കൊടുത്ത ചെക്കിന്റെ നമ്പരുവരെ പത്രങ്ങളിൽ വന്നിട്ടു പോലും അന്നത്തെ ഗവൺമെന്റ് പ്രതികളെ പിടിച്ചില്ല. ഇതുവരെ പ്രതിയെ തൊടാൻ പറ്റിയിട്ടില്ല. സുപ്രീംകോടതി വിധി കിട്ടിയിട്ടും പട്ടിക്ക് പൊതിയാതേങ്ങാ കിട്ടിയതുപോലായിരുന്നു. ഈ തൂവെള്ള അച്ചായന്മാരും, ബ്ലയിഡുകാരും, രാഷ്ട്രീയക്കാരും വ്യവസായികളും വരാതെ സാധാരണ വിശ്വാസി വന്നാൽ നമ്മൾ പൊളിയും.

അച്ചൻ: എന്തായാലും അച്ചായന്മാരും കുറച്ച് മെത്രാന്മാരും കൂടി നമ്മുടെ കൂടെ നിന്ന് ചാടിയ മിലിത്തിയോസ്സിനേയും, അത്താനാസ്സിയോസിനേയും ഒതുക്കീട്ടുണ്ട്. പഴയ മന്ത്രിസഭ അധികാരത്തിൽ വന്നിരുന്നു എങ്കിൽ പിടിച്ചു നില്ക്കാം.

കൊച്ചൻ: അവരുടെ ആൾ മുഖ്യന്ത്രിയാവുന്നതാ നമ്മുക്ക് നല്ലത്. സുപ്രീം കോടതിവിധി ഇപ്പോഴും ഉത്തരത്തേ തന്നെ. മലങ്കര വർഗ്ഗീസ് കേസ്സ് അറബിക്കടലിലും.

അച്ചൻ: മുത്തൂറ്റേ രണ്ട് പ്രമുഖ പണക്കാരും പ്രശസ്ത പത്രക്കാരനായ ജോർജ് വർഗ്ഗീസുമാണ് അവരുടെ അടുത്ത ട്രസ്റ്റി സ്ഥാനാർത്ഥികൾ.

കൊച്ചൻ: ഓഹോ! ജോർജ് വർഗ്ഗീസ്സ് സഭാസ്നേഹിയാ. മറ്റവർ, രാഷ്ട്രീയ വ്യവസായ പ്രമുഖരുടെ ബന്ധുക്കളും മിത്രങ്ങളുമാണ്. മുത്തൂറ്റുകാർ ആരെങ്കിലും ജയിക്കാൻവേണ്ടി ഒരു നൂറ്റൊന്നിന്മേൽ കുർബാന പുത്തൻകുരിശിൽ നടത്തണം.

അച്ചൻ: വടക്കൻ പ്രദേശത്തു നിന്ന് ഉള്ള മെത്രാന്മാരും, വൈദികട്രസ്റ്റിയും ഓർത്തഡോക്സുകാർക്ക് ഉണ്ടാകാതിരുന്നാൽ മതി. കോനാട്ടച്ചനെ തോല്പ്പിക്കണം. തെക്കരെത്തന്നെ ജയിപ്പിച്ചാലേ നമ്മുടെ ആളുകൾക്ക് വാശിയും വൈരാഗ്യവും ഉണ്ടാകൂ.

കൊച്ചൻ: ശരിയാ. അങ്കമാലിയുടെ സഹായമെത്രാനായി മിലിത്തിയോസ്സിനെ വച്ചത് നമുക്കും നമ്മുടെ മണ്ണാറപ്രാഅച്ചനും അല്പ്പം മടുപ്പായിരുന്നു. കഴിഞ്ഞവർഷം ആലുവാ പെരുനാളിന് എത്ര ബുദ്ധിമുട്ടിയാ കയറിപ്പറ്റിയത്. ഈ പ്രാവശ്യം മിലിത്തിയോസ്സ് ഇല്ല. മണ്ണാറപ്രാഅച്ചനും, ശിങ്കിടികളുമാണ് ഭരണം. അതു നമുക്ക് പ്രയോജനപ്പെടും. എന്തായാലും നമ്മുടെ ഇരുഭാഗത്തുമുള്ളവർ നവീന സഭകളിലേക്ക് ഒഴുകുന്നുണ്ട്.

അച്ചൻ: എടാ ആടുകൾ അല്ല, ഇടയന്മാർ പോയാലും നമ്മുടെ ഇരു ഗ്രൂപ്പിനും പ്രശ്നമില്ല. സഭയെ യഥാർത്ഥമായി സ്നേഹിക്കുന്ന തിരുമേനിമാർ ഇരുവിഭാഗത്തിലും ഇല്ല. പ്രായം ചെന്ന മൂന്നോ നാലോ പേർ ഓർത്തഡോക്സിലുണ്ട്. ബാക്കി എല്ലാവർക്കും വിദേശയാത്ര, സ്വന്ത സ്ഥാപനങ്ങൾ, അത്യാധുനിക വാഹനങ്ങൾ വാങ്ങുക, പിന്നെ അല്ലറചില്ലറ ബിസിനസ്സുകളും. ഒരേ പേരിൽ ഇപ്പോൾ ഇരുപക്ഷത്തും മെത്രാന്മാർ എത്ര.

കൊച്ചൻ: എന്തിന് ഓർത്തഡോക്സിലെ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ സ്വന്ത അനന്തരവൻ ഡോ. ഗീവർ ഗീസ് മാർ കൂറിലോസ് എന്ന പേരിൽ നമ്മുടെ മെത്രാച്ചനാ. ക്രൈസ്തവ ചിന്തയുണ്ടെങ്കിൽ, രക്തത്തിൽ നിന്ന് രക്തവും മാംസത്തിൽ നിന്ന് മാംസവുമായ കൂറിലോസ് തിരുമേനിക്ക് ബദലായി നമ്മുടെ കൊച്ചു തിരുമേനി ആ പേരിൽ മെത്രാനാകുമോ. സ്വന്തം അമ്മാച്ചനോട് നീതിപുലർത്താൻ പറ്റാത്തവർ സഭയോട് എത്ര നീതി പുലർത്തും. ഇതൊന്നും ശരിയല്ല അച്ചാ. ❑

# തോറ്റവരെ നോമിനേറ്റ് ചെയ്യരുത്: അൽമായവേദി

കോട്ടയം: അസ്സോസിയേഷൻ തിരഞ്ഞെടുപ്പിൽ ഇടവകപള്ളികളിൽ നിന്നു മൽസരിച്ചു പരാജയപ്പെട്ടവരെ യാതൊരു കാരണവശാലും മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റ് ചെയ്യരുതെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ. കാതോലിക്കാബാവായോട് അഭ്യർത്ഥിച്ചു. സ്വന്തം ഇടവകയിൽ പരാജയപ്പെട്ടവർ പിൻവാതിലിലൂടെ നേതൃത്വത്തിലെത്താനുള്ള ശ്രമം മുമ്പും ഉണ്ടായിട്ടുണ്ട്. അത്തരക്കാരെ ഒഴിവാക്കണം. പകരം സഭാസ്നേഹവും, സഭയെക്കുറിച്ച് വീക്ഷണവും ഉന്നത വിദ്യാഭ്യാസവുമുള്ള പ്രൊഫഷണലുകളെ വേണം നോമിനേറ്റ് ചെയ്യാനെന്നും അൽമായവേദി സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

സഭ വക സ്ഥാപനങ്ങളിലെ ജീവനക്കാരെ നോമിനേറ്റ് ചെയ്യരുതെന്നും അൽമായവേദി തുടർന്ന് അഭ്യർത്ഥിച്ചു. നയരൂപീകരണ സമിതികളിൽ സ്വന്തം സ്ഥാനമാനങ്ങൾക്കു വേണ്ടി മാത്രമാണ് ഇത്തരക്കാരിൽ ഭൂരിപക്ഷവും പ്രവർത്തിച്ചിട്ടുള്ളത്. അത്തരക്കാരെക്കൊണ്ട് സഭയ്ക്ക് പ്രയോജനമില്ലെന്നും സെക്രട്ടറിയേറ്റ് വിലയിരുത്തി.

## കത്തുകൾ... കത്തുകൾ....

രാഷ്ട്രീയ പരിവേഷവും വ്യവസായ താല്പര്യവുമില്ലാത്ത വിദ്യാസമ്പന്നനും പ്രമുഖരായ രാഷ്ട്രത്തലവന്മാരെയും പ്രമുഖരെയും ഒരുപോലെ സ്വാധീനിക്കാനും ന്യായമായ കാര്യങ്ങൾ അധികാരസ്ഥാനങ്ങളിലെത്തിക്കാനും കഴിവുള്ള പത്രപ്രവർത്തകനായ ജോർജ് വർഗ്ഗീസിനെപ്പോലെയുള്ള പ്രമുഖരെ അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് പരിചയപ്പെടുത്തിയ അൽമായവേദി അഭിനന്ദനം അർഹിക്കുന്നു.

**രാജേഷ് പിറവം**

ഇന്ന് സഭാ വാർത്തകളും, സഭയിലെ അന്തർനാടകവും അറിയുവാൻ അൽമായ വേദി തന്നെ വായിക്കണം. സഭ വക പ്രസിദ്ധീകരണങ്ങളേക്കാൾ സഭാതാല്പര്യം സംരക്ഷിക്കപ്പെടുന്ന പ്രസിദ്ധീകരണം അത്മായവേദി തന്നെ.

കഴിഞ്ഞ ഒരു ലക്കം സഭാപത്രികയിൽ ഒരു വിദ്വാൻ എഴുതിയിരിക്കുന്നത്, ആലുവാ തൃക്കുന്നത്തു സെമിനാരി കടവിൽ അത്താനാസ്യോസ് തിരുമേനി പണികഴിപ്പിച്ചു എന്നാണ്. വള്ളിക്കാട്ട് ഗീവർഗ്ഗീസ് റമ്പാൻ തന്റെ ഗുരുവായ അത്താനാസ്യോസ് തിരുമേനിയുടെ ആഗ്രഹം നിറവേറ്റാൻ കോട്ടയം, അങ്കമാലി ഇടവകകളിൽ നടന്നു പിരിച്ച് പണികഴിപ്പിച്ചതാണ് തൃക്കുന്നത്തു സെമിനാരി എന്ന യാഥാർത്ഥ്യം ഈ വിവരദോഷിക്കുണ്ടോ അറിയൂ. ആലുവാ തൃക്കുന്നത്തുസെമിനാരി പാത്രിയർക്കീസ് വിഭാഗത്തിന്റേതാണെന്നും ഇതേ ലേഖനത്തിൽ എഴുതി പിടിപ്പിച്ചിരിക്കുന്നു. മാധ്യമലോബിയുടെ ഈ കൂലിഎഴുത്തുകാരന്റെയൊക്കെ ലേഖനം പ്രസിദ്ധീകരിക്കാനുള്ളതാണോ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം? ഇന്ന് സഭയ്ക്കു വേണ്ടി യാഥാർത്ഥ്യബോധത്തോടെ എഴുതുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഏക പ്രസിദ്ധീകരണം അത്മായവേദി തന്നെ.

**ഏബ്രഹാം, തേവര**

### മാനേജിംഗ് കമ്മറ്റിയിലും യുവരക്തം വേണം

സ്ഥിരം കുറ്റികളായ പ്രായംചെന്ന അച്ചായന്മാരെ ഒഴിവാക്കി കഴിവുള്ള ചെറുപ്പക്കാരെയും സഭാസ്നേഹികളായ നിസ്വാർത്ഥമതികളെയും മാനേജിംഗ് കമ്മറ്റിയിൽ ഉൾപ്പെടുത്തണം. എങ്കിൽ മാത്രമേ ശക്തമായ ഒരു രണ്ടാം നിര അൽമായനേതൃത്വം ഉയർന്നുവരൂ. നിയുക്തബാവായ്ക്ക് കുറഞ്ഞ പ്രായം ആകാമെങ്കിൽ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ചെറുപ്പക്കാരാവാം.

**ജോർജ് കോശി, കോലഞ്ചേരി**

### സ്ഥാനാർത്ഥി സാന്നിദ്ധ്യം

ദേവലോകം പെരുനാൾ അടുത്ത അത്മായ - വൈദികട്രസ്റ്റി സ്ഥാനാർത്ഥികൾ, മാനേജിംഗ് കമ്മറ്റി സ്ഥാനാർത്ഥികൾ എന്നിവരുടെ സംഗമ സ്ഥാനമായി. ഇവരിലധികം പേരും സഭ വക കോളജ് പ്രിൻസിപ്പാളന്മാരും, പ്രൊഫസറന്മാരും ബ്ലയിഡുകാരുമായിരുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ സഭയുടെ ഉന്നതസ്ഥാനങ്ങളിൽ ഈ വകുപ്പുകളിൽ പെട്ടവരുടെ സ്വാർത്ഥത മൂലം സഭയ്ക്കനുകൂലമായി ഉണ്ടായ കോടതി ഉത്തരവിൽ തീർപ്പാക്കാനായില്ല. അതിനായി ശ്രമിച്ച മാനേജിംഗ് കമ്മറ്റിയംഗം റ്റി. എം. വർഗ്ഗീസിനെ വധിച്ചിട്ടുപോലും വേണ്ടവണ്ണം പ്രതികരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. തങ്ങളുടെ സ്വാർത്ഥതയ്ക്ക് വേണ്ടി മാത്രം പ്രവർത്തിച്ച ഈ ബ്ലയിഡുകാരെയും സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെയും രാഷ്ട്രീയ ബിനാമികളേയും ഇനിയും തെരഞ്ഞെടുത്ത് സഭയെ പങ്കുവയ്ക്കാനും സമൂഹമദ്ധ്യേ നമ്മുടെ സഭയേയും സഭാപിതാക്കന്മാരെയും തേജോവധം ചെയ്യാനും ഇടയാക്കരുത്.

**- കുഞ്ഞൂഞ്ഞമ്മ തോമസ്, നിരണം**

### വള്ളിക്കാട്ടു പെരുനാൾ സപ്ലിമെന്റ്

വള്ളിക്കാട്ടു പെരുനാളിന് അതിമനോഹരമായ സപ്ലിമെന്റ് ഇറക്കി പ. ബാവാ തിരുമേനിയുടെ മാഹാത്മ്യങ്ങളെ വാകത്താനംകാർക്ക് വായിച്ചറിയാൻ അവസരം സൃഷ്ടിച്ച അത്മായവേദി പ്രവർത്തകർ സഭാവിരുദ്ധരല്ല, സഭാസ്നേഹികൾ തന്നെ.

**- ഷാജി വാകത്താനം**

വളരെ യാദൃച്ഛികമായി സെപ്തംബർ മാസത്തെ അൽമായവേദി വായിക്കാനിടവന്നു. ഞാൻ അങ്കമാലി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ അംഗമാണ്. ഞങ്ങളുടെ ഭദ്രാസന ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി സഭാംഗങ്ങളെ അറിയിക്കുന്നതിൽ അൽമായവേദി മാസിക വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. അഭിവന്ദ്യ തേയോഫിലോസ് തിരുമേനിയുടെ കാലശേഷം യോഗ്യനായ ഒരു തിരുമേനിയെ ലഭിച്ചത് (അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തോസ്) വളരെ വൈകിയാണ്. അഭിവന്ദ്യ മിലിത്തോസ് തിരുമേനിയുടെ ഭരണത്തിൽ ഈ ഭദ്രാസനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്ത് ഇതിൽ അസൂയപൂണ്ട് ചിലർ നടത്തുന്ന ശ്രമങ്ങൾ ഒരിക്കലും വിജയം കാണുകയില്ല. കാരണം അവിടെ കബറടങ്ങിയിരിക്കുന്ന നാലു പിതാക്കന്മാർ അവരുടെ കുടുംബസ്വത്തുക്കൾ പോലും ഭദ്രാസനത്തിന്റെ വികസനത്തിനു വേണ്ടിയാണ് ചില വഴിച്ചിട്ടുള്ളത്. ഇപ്പോൾ അഭിവന്ദ്യ മിലിത്തോസ് തിരുമേനിയും സാമ്പത്തിക കാര്യങ്ങളിൽ ഇവരുടെ പാത പിൻതുടരുന്നത് അഭിനന്ദനാർഹമാണ്. ഈ ഭദ്രാസനത്തിലെ ഭൂരിഭാഗം വരുന്ന വൈദികരും മഹാഭൂരിപക്ഷം വരുന്ന അൽമായരും അഭിവന്ദ്യ തിരുമേനിയോടൊപ്പം നിൽക്കുന്നു എന്ന യാഥാർത്ഥ്യം മറച്ചുവക്കാനാവില്ല.

മാസികയുടെ നാളിതുവരെയുള്ള പ്രവർത്തനം പോലെ തുടർന്നും നല്ല രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതോടൊപ്പം മാസിക നടത്തിപ്പുകാരായ എല്ലാ പ്രവർത്തകരേയും എന്റെ ക്ഷേമാന്വേഷണങ്ങൾ അറിയിക്കുവാനും താല്പര്യപ്പെടുന്നു. മാസികയുടെ ഒരു വർഷത്തെ വരിസംഖ്യക്കുള്ള ചെക്ക് ഇതോടൊപ്പം അയക്കുന്നു.

**പി. വി. പൗലോസ്, ആലുവ**

### തുറന്നു കാട്ടണം

വിമർശനം തെറ്റല്ല അനീതിക്കെതിരെ വിരൽ ചൂണ്ടണം. പരീശന്മാരുടെയും, ശാസ്ത്രിമാരുടേയും വികൃതികളെ യെരുശലേം ദേവാലയത്തിൽ കയറി വിമർശിച്ച യേശുവിന്റെ കാലടികൾ പിൻപറ്റുന്ന അൽമായവേദി ഇന്നിന്റെ ആവശ്യമാണ്. ഇന്നത്തെ പരീശന്മാരും, ശാസ്ത്രിമാരും നിങ്ങളെയും കുരിശിലേറ്റും. രാഷ്ട്രീയക്കാരായ പീലാത്തോസുമാർ വിധിയും എഴുതും.

**റോണി ചെറുവത്തൂർ**

### കോളജദ്ധ്യാപകരെ മാനേജിംഗ് കമ്മറ്റിയംഗങ്ങളാക്കരുത്

ആസന്നമായ മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുപ്പിൽ സഭ വക കോളജുകളിലെ പ്രിൻസിപ്പൽമാർ, പ്രൊഫസർമാർ, സഭ വക മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരെ യാതൊരു കാരണവശാലും തെരഞ്ഞെടുക്കരുത്.

മാനേജിംഗ് കമ്മറ്റിയിലെ പ്രിൻസിപ്പൽമാരുടെയും പ്രൊഫസർമാരുടെയും പ്രധാനജോലി അവരുടെ പ്രമോഷനും ട്രാൻസ്ഫറും ശരിപ്പെടുത്തുക എന്നതാണ്. അവരുടെ സാന്നിദ്ധ്യം കൊണ്ട് സഭയ്ക്ക് ഒരു പ്രയോജനവും ഇന്നില്ല. ആലുവാ പ്രശ്നത്തിൽ ബാവായെ വഴി തെറ്റിച്ചത് ഒരു കോളജ് പ്രിൻസിപ്പലായ മാനേജിംഗ് കമ്മറ്റിയംഗമാണെന്ന വസ്തുതയും ഓർമ്മിക്കുക. കഴിവുള്ള മറ്റംഗങ്ങളെ തെരഞ്ഞെടുക്കാൻ ശ്രമിക്കണം.

**- മാത്യൂസ് ഫിലിപ്പ്**

### പിണിയാളുകളെ തിരിച്ചറിയുക

പുതിയ മാനേജിംഗ് കമ്മറ്റിയിലേക്ക് രാഷ്ട്രീയ, വ്യവസായ, മാധ്യമലോബിയുടെ പിണിയാളന്മാരായ റമ്പാന്മാരെയും, വൈദികരെയും, കോളേജ് പ്രിൻസിപ്പാളന്മാരെയും പ്രൊഫസറന്മാരേയും, തെരഞ്ഞെടുത്ത് സഭയുടെ വളർച്ചയെ മുരടിപ്പിക്കരുത് എന്ന് അപേക്ഷിക്കുന്നു. സഭയെ നശിപ്പിക്കുന്ന ഈ ഉപജാപകസംഘത്തിനെതിരെ അത്മായവേദി ആത്മാർത്ഥമായി പ്രവർത്തിക്കണമേ എന്നപേക്ഷിക്കുന്നു.

**സിസിലി എം. ചാക്കോ**
**അരയൻകാവ്**

# കൊടുവത്ത് കുടുംബത്തിന്റെ...

*(എട്ടാം പേജിൽ നിന്നും)*

ച്ചപ്പോൾ രക്ഷാധികാരി ജോൺ കോറെപ്പിസ്കോപ്പാ അച്ചൻ സ്വീകരിച്ച് പ്രാർത്ഥനയ്ക്കു ശേഷം യോഗവേദിയിലെ നിലവിളക്കിലേക്ക് ദീപം പകർത്തി. ആഘോഷപരിപാടികൾ വൻ വിജയമാക്കിത്തീർക്കുവാൻ അന്നത്തെ പ്രസിഡന്റ് അഡ്വ: റെയിഞ്ചും, സെക്രട്ടറി ബിജുവും, ട്രഷറാർ പ്രതീപ് തോമസ് ഏബ്രഹാമും നേതൃത്വം നൽകി.

തലമുറ തലമുറയായി നമ്മുടെ സങ്കേതമായിരിക്കുന്ന സർവ്വശക്തനായ ത്രിയേക ദൈവത്തിന്റെ കൃപയും, അനുഗ്രഹങ്ങളും, പരിശുദ്ധ ദൈവമാതാവിന്റെയും, മാർ ഗീവർഗീസ് സഹദായുടെയും, പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും, മറ്റെല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടേയും, മദ്ധ്യസ്ഥതയും കൊടുവത്ത് കുടുംബത്തിനും, കുടുംബാംഗങ്ങൾക്കും എന്നുമെന്നും ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഓരോ വർഷവും പൊതുപരീക്ഷയിൽ ഉയർന്ന വിജയം നേടുന്ന കുടുംബങ്ങൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകുന്നു. വാർഷികയോഗത്തോട് അനുബന്ധിച്ച് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. വിവാഹം ചെയ്തയയ്ക്കുന്ന ഓരോ പെൺകുട്ടിയ്ക്കും ഓരോ വേദപുസ്തകം സമ്മാനമായി നൽകുന്ന പതിവുണ്ട്. കുടുംബയോഗങ്ങളിലും, പ്രാർത്ഥനായോഗങ്ങളിലും ഉപയോഗിക്കുവാൻ പാട്ടുകളും, പ്രാർത്ഥനകളും അടങ്ങിയ ഒരു പുസ്തകവും, കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും, മേൽവിലാസവും, ടെലഫോൺ നമ്പരും അടങ്ങുന്ന ഒരു ഡയറക്ടറിയും പ്രസിദ്ധീകരിച്ചു. ഇന്നത്തെ കുടുംബാംഗങ്ങളിൽ കൂടുതൽ പേരും അദ്ധ്യാപകരാണ്. അവർക്ക് പിന്നിൽ എണ്ണത്തിൽ അഡ്വക്കേറ്റുമാരും. കെ. കെ. ഈശോയുടെ മക്കൾ ഒമ്പതു പേരും രണ്ടു കൊച്ചുമക്കളും, അഡ്വക്കേറ്റുമാരാണെന്നുള്ള അത്യപൂർവ്വമായ ബഹുമതി നമുക്ക് എല്ലാവർക്കും അഭിമാനകരമാണ്. കോളജ് പ്രൊഫസറന്മാരായും, എൻജിനിയർമാരായും, ഡോക്ടർന്മാരായും, സർക്കാർ ഉദ്യോഗസ്ഥന്മാരായും, രാഷ്ട്രീയ-സാമൂഹിക, സാമുദായിക പ്രവർത്തകരായും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരും ഉണ്ട്. എം. തോമസ് (പാപ്പച്ചൻ) കോട്ടയം നിയോജകമണ്ഡലത്തിലെ എം. എൽ. എ. ആയിരുന്നു എന്നുള്ളത് പ്രത്യേകം സ്മരണീയമാണ്. അഡ്വ. കെ. ജോർജ്, സുരേഷ് ബാബു തോമസ്, സജി കൊടുവത്ത് തുടങ്ങി പല കുടുംബാംഗങ്ങളും പ്രമുഖരായ അഭിഭാഷകരാണ്.

കൊടുവത്ത് കുടുംബം പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി ഇടവകക്കാരായിരുന്നു. ഇപ്പോഴും കുടുംബാംഗങ്ങൾ എല്ലാവരും മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസികളാണ്. ഒമ്പതു ശാഖകളിൽ ആറു ശാഖകളും പുതുപ്പള്ളിപള്ളിയിലെ ഇടവകാംഗങ്ങൾ ആണ്. രണ്ടു ശാഖകൾ കൊല്ലാട് സെന്റ് പോൾസ് പള്ളിയിലും, ഒരു ശാഖ കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടവകയിലും ആണ്. ഒരു ശാഖയിൽപെട്ട ഒരു കുടുംബം വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളിയിലും ഇടവക ചേർന്നു.

കൊടുവത്ത് തൊമ്മൻ വല്യപ്പച്ചനും, ഏലി വല്യമ്മച്ചിയും, അവരുടെ മക്കളും, യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഇഷ്ടപ്പെടുന്ന മനുഷ്യർ ആയിരുന്നു. “ഇങ്ങനെയുള്ള മനുഷ്യർ ഭാഗ്യവാൻ, അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും, നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും. ഐശ്വര്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും” എന്ന് 112-ാം സങ്കീർത്തനത്തിൽ പറയുന്നു. പിൻതലമുറക്കാരായ നാമും ദൈവത്തെ ഭയപ്പെട്ടും, പരസ്പരം സ്നേഹിച്ചും, നേട്ടങ്ങളും, കോട്ടങ്ങളും ഒരു പോലെ പങ്കിട്ടും ഒന്നായി മുന്നോട്ടു നീങ്ങും.

❑

**Pl. Visit: www.koduvathu.com**



**ഫാ. കുര്യൻ ഉതുപ്പ് അഡ്വ. കെ. ജോർജിന് (മുൻ പ്രസിഡണ്ട്) കുടുംബ ഡയറക്ടറി നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു. ഫാ. കെ. വി. ജോൺ കോർഎപ്പിസ്കോപ്പാ, പ്രസിഡണ്ട് ചെറിയാൻ കുര്യൻ, സെക്രട്ടറി ഈശോദാസ്, ട്രഷറാർ ഏബ്രഹാം ജോൺ എന്നിവർ സമീപം.**



**76-ാമത് വാർഷിക സമ്മേളനത്തിൽ ശ്രീമതി ശോശാമ്മ ടീച്ചർ കേക്ക് മുറിക്കുന്നു.**

### 50 അൽമായവേദി പ്രവർത്തകർ അസോസിയേഷനിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു

കോട്ടയം: കോട്ടയം ഭദ്രാസനത്തിൽ നിന്ന് അൽമായവേദി പ്രവർത്തകരും അനുഭാവികളുമായ 50 പേർ മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാമും സെക്രട്ടറി ഫീലിപ്പോസ് പൊട്ടയ്ക്കാവേലിലും പുതുപ്പള്ളി വലിയപള്ളിയിൽ നിന്നും വൈസ് പ്രസിഡണ്ടുമാരായ ക്യാപ്റ്റൻ കോശി മത്തായി വടക്കൻമണ്ണൂർ നിന്നും സാബു വടകര പാമ്പാടിയിൽ നിന്നും സെക്രട്ടറി ബാബു വെട്ടുവേലി കാനം പള്ളിയിൽ നിന്നും വിജയിച്ചു.

### പാവന സ്മരണയ്ക്ക്



**ബിനു ജോർജ്**
**കൊടുവത്ത്, കൊല്ലാട്**

**നസ്രാണി പഠനങ്ങൾ ഭാഗം 1**
എം. കുര്യൻ തോമസ്
അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം
കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYA VEDI, POST BOX NO. 652, KOTTAYAM - 686 001

# കൊടുവത്ത് കുടുംബത്തിന്റെ 76–ാം വാർഷികം

### കെ. വി. ഏബ്രഹാം കൊടുവത്ത്

കൊടുവത്ത് കുടുംബത്തിന്റെ 76–ാം വാർഷികസമ്മേളനം 2006 ഡിസംബർ 25 ന് സെക്രട്ടറി ഈശോ ദാസന്റെ (തറവാട്) ഭവനാങ്കണത്തിലെ നൈനാൻ തോമസ് നഗറിൽ വെച്ച് പ്രസിഡന്റ് ചെറിയാൻ കുര്യന്റെ അദ്ധ്യക്ഷതയിൽ നടന്നു. പുതുപ്പള്ളി വലിയപള്ളി സഹവികാരി ഫാ. കുര്യൻ ഉതുപ്പ് ക്രിസ്തുമസ്സ് ദൂത് നൽകി. മുൻ പ്രസിഡന്റ് അഡ്വ. കെ. ജോർജ്ജിന് 2007–ലെ കുടുംബ ഡയറക്ടറി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

#### മാർത്തോമ്മാ ശ്ലീഹാ

ക്രിസ്തുശിഷ്യനായ വിശുദ്ധ തോമ്മാ ശ്ലീഹാ എ. ഡി. 52–ൽ കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, ചായൽ, പറവൂർ, പാലൂർ, ഗോക്കമംഗലം, തിരുവിതാംകോട് എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും ശങ്കരപുരി, കള്ളി, കാളിയാങ്കൽ, പകലോമറ്റം എന്നീ കുടുംബങ്ങളിൽ നിന്നും പട്ടക്കാരെ നിയമിക്കുകയും ചെയ്തതായി വിശ്വസിക്കപ്പെടുന്നു.

#### മൈലാങ്കൽ കുടുംബം

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട ഏഴുപള്ളികളിൽ ഒന്നായ ചായൽ പത്തനംതിട്ട താലൂക്കിൽ നിലയ്ക്കൽ പ്രദേശത്തായിരുന്നു നിലയ്ക്കലിൽ ശ്ലീഹാ പല കുടുംബങ്ങളേയും ക്രിസ്തുമതത്തിൽ ചേർത്തു. അവരിൽ മൈലാങ്കൽ ക്ഷത്രിയ കുടുംബവും ഉൾപ്പെട്ടിരുന്നു. നിലയ്ക്കൽ പള്ളി ഇടവകാംഗങ്ങളായിരുന്നു മൈലാങ്കൽ കുടുംബാംഗങ്ങൾ.



**രക്ഷാധികാരി വന്ദ്യ ദിവ്യശ്രീ ജോൺ കോറെപ്പിസ് കോപ്പാ അച്ചൻ**

14–ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ നിലയ്ക്കലിൽ നിന്നും ആളുകൾ വിവിധ സ്ഥലങ്ങളിലേക്ക് കുടിയേറി.

നാടുവിട്ട നിലയ്ക്കൽ ക്രിസ്ത്യാനികൾ ചെങ്ങന്നൂർ, കാഞ്ഞിരപ്പള്ളി, അരുവിത്തുറ എന്നീ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തു. പാലായ്ക്കു സമീപമുള്ള അരുവിത്തുറയിൽ എത്തി താമസമാക്കിയ കുടുംബം മൈലാങ്കൽ മാപ്പിളമാർ എന്നറിയപ്പെട്ടു. അവർ ആരാധനയ്ക്കായി പോയിരുന്നത് പുരാതനമായ അരീത്രപള്ളിയിൽ ആയിരുന്നു. മൈലാങ്കൽ കുടുംബത്തിലെ പുരുഷന്മാർ ശക്തരും ദീർഘകായന്മാരും ആയിരുന്നുവെന്നും അക്കാലത്തെ പ്രബലമായ പൂഞ്ഞാറ്റിൽ കോയിക്കൽ രാജ കുടുംബത്തിലെ അംഗരക്ഷകരായും നിയമോപദേശകരായും പ്രവർത്തിച്ചിരുന്നുവെന്നും പറയപ്പെടുന്നു. അരുവിത്തുറയിലെ ഒരു പ്രബല നായർ കുടുംബാംഗങ്ങളുമായുണ്ടായ ചില അനിഷ്ട സംഭവങ്ങളെത്തുടർന്ന് മൈലാങ്കൽ തറവാട്ടിലെ രണ്ടു സഹോദരങ്ങൾ കുടുംബസമേതം അരുവിത്തുറ വിട്ടു. ഈ മാറ്റം 235 വർഷം മുമ്പാണെന്നു കണക്കാക്കുന്നു.

#### കാഞ്ഞിരത്തറ – വരയന്നൂർ സഹോദരന്മാർ

ഉല്പതിഷ്ണുക്കളും ഉൽക്കർഷേച്ഛുക്കളുമായിരുന്നു മൈലാങ്കൽ സഹോദരന്മാർ. ഇവരിൽ മാത്തു (ഫിലിപ്പോസ്) മുട്ടമ്പലം കാഞ്ഞിരത്തറയിലും തൊമ്മൻ കൊടുരാറ് കടന്ന് കൊല്ലാട് വരയന്നൂരും താമസമാക്കി. തൊമ്മൻ വരയന്നൂർ മാപ്പിള എന്നറിയപ്പെട്ടു. തൊമ്മന്റെയും ഫിലിപ്പോസിന്റെയും സഹോദരിയെ കൊല്ലാട് കോരന്താനത്ത് വിവാഹം കഴിച്ചയച്ചു. മറ്റൊരു സഹോദരിയും ഭർത്താവ് മുത്തനാട്ട് ഐപ്പും കുടുംബസമേതം കൊടുരാറിന് തെക്ക് പുനയ്ക്കൽ താമസമാരംഭിച്ചു.

#### കാഞ്ഞിരത്തറ കുടുംബശാഖകൾ

മറ്റത്തിൽ, കണിയാംപറമ്പിൽ, മാലത്തോട്, കാഞ്ഞിരത്തറ ശാഖകളിലായി കാഞ്ഞിരത്തറ കുടുംബാംഗങ്ങളിൽ അധികപങ്കും മാങ്ങാനത്തും ചുറ്റുപാടുമായി താമസിക്കുന്നു.

#### വരയന്നൂർ മാപ്പിള

വരയന്നൂർ മാപ്പിളയായ തൊമ്മന് എട്ട് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ടായിരുന്നു. ആൺമക്കൾ കോരന്താനത്ത്, പുതുക്കാട്, മൂലപ്പേരൂർ, വൈക്കത്ത്, കൊച്ചുപുരയ്ക്കൽ, തുണ്ടിയിൽ, മേക്കാട്, പുത്തൻപറമ്പിൽ എന്നിങ്ങനെ എട്ടു ശാഖകളായി പിരിഞ്ഞ് താമസിക്കുന്നു. വരയന്നൂർ മാപ്പിളയുടെ അഞ്ചാമത്തെ പുത്രൻ കൊല്ലാട്, കൊച്ചുപുരയ്ക്കൽ കരിങ്ങോത്ത് താമസിച്ച ഉലഹന്നാന് തൊമ്മൻ, കൊച്ചുമാണിച്ചൻ, ചാക്കോ എന്നീ മൂന്നു ആൺമക്കളുണ്ടായിരുന്നു.

#### കൊടുവത്ത് ഈശോ

പുതുപ്പള്ളി എരമല്ലൂർ കരയിൽ കൊടുവത്തുപറമ്പിൽ താമസിച്ചിരുന്ന കൊടുവത്ത് കോരയുടെ മകൻ ഈശോ, ഭാര്യ അന്നമ്മയുമായി എരമല്ലൂരിൽ നിന്ന് മലമേൽക്കാവിൽ വന്ന് പാർത്തു. മലമേൽക്കാവിൽ ഏകദേശം 30 ഏക്കർ സ്ഥലം കൈവശപ്പെടുത്തി പേരിൽ കരം തീർത്ത് ഈശോ സ്വന്തമാക്കി. അവരുടെ ഏക മകൾ ഏലിയെ കൊല്ലാട് കൊച്ചുപുരയ്ക്കൽ ഉലഹന്നാന്റെ മൂത്തമകൻ തൊമ്മന് വിവാഹം കഴിച്ചു കൊടുത്തു. ദത്തായി തൊമ്മൻ കൊച്ചുപുരയ്ക്കലായ കൊടുവത്ത് എന്ന പേരിൽ മലമേൽക്കാവിൽ താമസിച്ചു.

ഇന്നത്തെ കൊടുവത്ത് കുടുംബത്തിന്റെ അടിത്തറ തൊമ്മൻ വല്യപ്പനും, ഏലിവല്യമ്മച്ചിയും ആണ്. ഇവർക്കു 9 ആണും 2 പെണ്ണും ചേർത്ത് 11 മക്കൾ ഉണ്ടായി. കൊടുവത്ത് തൊമ്മൻ വല്യപ്പൻ 13–7–1917 ൽ 67–ാം വയസ്സിലും, ഏലി വല്യമ്മച്ചി 17–12–1946 ൽ 92–ാം വയസ്സിലും ദിവംഗതരായി. വല്യപ്പച്ചൻ കൊല്ലാട് സെന്റ് പോൾസ് പള്ളിയിലും, വല്യമ്മച്ചി പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളിയിലും അന്ത്യവിശ്രമം കൊള്ളുന്നു.

കൊടുവത്ത് തൊമ്മൻ വല്യപ്പച്ചന്റെയും, ഏലി വല്യമ്മച്ചിയുടെയും ആൺമക്കൾ 9 ശാഖകളിലായി വിവിധ ഭവനങ്ങളിൽ താമസിച്ചിരുന്നെങ്കിലും കുടുംബത്തിലെ പൊതു ആവശ്യങ്ങളും ഓരോ ഭവനത്തിലും ഉണ്ടാകുന്ന വിവാഹം തുടങ്ങിയ ചടങ്ങുകളിലും എല്ലാവരും ഒന്നിച്ചിരുന്ന് ആലോചിക്കുകയും ഒത്തൊരുമയോടെ പ്രവർത്തിച്ചും പോന്നു. ഒരാളുടെ ആവശ്യം എല്ലാവരുടെയും ആവശ്യമായും, ഒരാളുടെ പ്രയാസം എല്ലാ വരുടെയും പ്രയാസമായി കരുതി അവർ പ്രവർത്തിച്ചിരുന്നു. ഞായറാഴ്ചകളിൽ അവരെല്ലാവരും മാതാവ് താമസിച്ചിരുന്ന തറവാട്ടിൽ വരികയും, സ്നേഹം പങ്കിടുകയും, ഒരുമിച്ച് പ്രാർത്ഥിക്കുകയും പതിവായിരുന്നു. ഇപ്രകാരം ഒരുമിച്ചു ചേർന്ന ഒരവസരത്തിൽ അവർ തമ്മിലുള്ള ഐക്യവും സ്നേഹവും, സന്തതി പരമ്പരകൾ ഉള്ള കാലത്തോളം നിലനിൽക്കുവാൻ തക്കവണ്ണം ഒരു കുടുംബ കൂട്ടായ്മ ആവശ്യമാണെന്ന് കണ്ടതിനാൽ ഇന്നത്തെ കുടുംബയോഗത്തിന്റെ വിത്തു പാകി. 76 വർഷങ്ങൾക്കു മുമ്പ് നമ്മുടെ പിതാക്കന്മാർ നട്ട വിത്ത് വളർന്നു പന്തലിച്ച് ശാഖോപശാഖകളായി ഏഴ് തലമുറകളോളം എത്തി നിൽക്കുന്നു. ഇഹലോകവാസം വെടിഞ്ഞ് കർത്താവിന്റെ വരവിനായി കാത്ത് കുടുംബകല്ലറയിൽ വിശ്രമിക്കുന്ന മാതാപിതാക്കൾ നമ്മോടൊപ്പം ചേർന്ന് ദൈവത്തെ സ്തുതിക്കുന്നുണ്ട്.

#### കുടുംബയോഗം

കൊടുവത്ത് കുടുംബയോഗത്തിന്റെ ഭരണഘടന അനുസരിച്ച് പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, ഒമ്പത് ശാഖകളിൽ നിന്നുമുള്ള ഓരോ പ്രതിനിധി, രണ്ട് വനിതാ പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മറ്റിയാണ് കാര്യനിർവഹണം നടത്തുന്നത്. ഓരോ വർഷവും ക്രിസ്തുമസ് ദിനത്തിൽ നടത്തുന്ന വാർഷിക യോഗത്തിലാണ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. കുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡന്റ് കോട്ടയം സി. എം. എസ്. കോളജ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന കെ. റ്റി. കോര സാർ ആയിരുന്നു. ഇപ്പോൾ രക്ഷാധികാരി വന്ദ്യ. ദിവ്യശ്രീ. കെ. വി. ജോൺ കോറെപ്പിസ്കോപ്പായാണ്.

ഓരോ മാസവും ആദ്യ ഞായറാഴ്ച കുടുംബത്തിലെ ഒരു ഭവനത്തിൽ വച്ച് കുടുംബയോഗം നടക്കും. വർഷത്തിൽ ഒരിക്കൽ ഒരു വിനോദയാത്ര സംഘടിപ്പിക്കുന്നു. സാമ്പത്തികമായി പ്രയാസപ്പെടുന്ന കുടുംബാംഗങ്ങളേയും, നാട്ടിൽ പ്രയാസപ്പെടുന്ന മറ്റുള്ളവരെയും സഹായിക്കുന്നതിന് കൊടുവത്ത് ഏലി സ്മാരക സഹായനിധി എന്ന പേരിൽ ഒരു ഫണ്ട് ഉണ്ട്.

#### പ്ലാറ്റിനം ജൂബിലി

കൊടുവത്ത് കുടുംബത്തിന്റെ 75–ാം വാർഷികം (പ്ലാറ്റിനം ജൂബിലി) 2005 ഡിസംബർ 25–ാം തീയതി കൊല്ലാട് സെന്റ് പോൾസ് പള്ളി ഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. പുതുപ്പള്ളി പള്ളിയിലെ കുടുംബക്കല്ലറയിൽ നിന്നും കൊളുത്തിയ ദീപശിഖ കുടുംബാംഗങ്ങൾ വാഹനങ്ങളുടെ അകമ്പടിയോടെ കൊല്ലാട് പള്ളിയിലെ തൊമ്മൻ വല്യപ്പച്ചന്റെ കല്ലറയിൽ എത്തി

(ശേഷം 7–ാം പേജിൽ)

**കൊടുവത്ത് കുടുംബത്തിന്റെ 76–ാം വാർഷിക സപ്ലിമെന്റ്**





**തൊമ്മൻ വല്യപ്പനും, ഏലി വല്യമ്മച്ചിയും**

**പാവന സ്മരണയ്ക്ക്**



കെ. ജെ. തോമസ് (കുഞ്ഞപ്പൻസാർ)



റ്റി. എൻ. ഏലിയാമ്മ ടീച്ചർ



അഡ്വ. തോമസ് ജോൺ



നൈനാൻ തോമസ്
(അസി. കമ്മീഷണർ കസ്റ്റംസ് & സെൻട്രൽ എക്സൈസ്)



ഈശോ തോമസ് (കെമിസ്റ്റ്)

**പാവന സ്മരണയ്ക്ക്**



ഈപ്പൻ (സ്കറിയാച്ചൻ) നെല്ലിശ്ശേരിൽ

#### 2007– ലെ ഭാരവാഹികൾ

1. പ്രസിഡന്റ്– കെ. വി. ഏബ്രഹാം
2. സെക്രട്ടറി – ഡോ. ജോൺ കുര്യൻ
3. ട്രഷറാർ – ബേബി എം. കൊടുവത്ത്

മെമ്പേഴ്സ്

1. ബാബു ജോബ്
2. സായൂജ്
3. കെ. കെൻ
4. ജോർജ് തോമസ്
5. രഘു എം. കോര
6. കെ. ഇ. തോമസ് ഈശോ
7. ലീലാമ്മാ ജേക്കബ്
8. ജ്യോതി ഷാജി

**Supplement Sponsored by**



Babu Thomas Koduvathu Karingothu USA

**PRINTED MATTER ONLY**
**(P & T Section II Clause 121)**

To,

From,

AKHILA MALANKARA ORTHODOX ALMAYA VEDHI
POST BOX NO. 652, KOTTAYAM 686 001

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448